# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുമ്പള ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 6/880/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 21/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 6/880/2023 തീയ്യതി: 21/12/2023

## കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-12-2023 | 14-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2023 | 14-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.യു.പി.താഹിറ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീതാമണി.ആർ | സെക്രട്ടറി | 01-04-2022 | 03-04-2022 |
| ശ്രീ.മാത്യു.കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2022 | 27-04-2022 |
| ശ്രീമതി.ഗീതാകുമാരി.പി | സെക്രട്ടറി | 28-04-2022 | 05-10-2022 |
| ശ്രീ.മാത്യു.കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2022 | 16-10-2022 |
| ശ്രീമതി.ഗീതാകുമാരി.പി | സെക്രട്ടറി | 17-10-2022 | 05-12-2022 |
| ശ്രീ.ജറുസൻ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 20-12-2022 |
| ശ്രീമതി.ഗീതാകുമാരി.പി | സെക്രട്ടറി | 21-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു.കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| Vacant | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 07-12-2022 |
| ശ്രീ.ജറുസൻ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 08-12-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനുഷ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.അരുൺ രാജ് | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ജിജോമോൻ.വി.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.രഹന.എച്ച് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.മഹേഷ്.പി.എസ്. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 13-06-2022 |
| ഡോ.രശ്മി.പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-06-2022 | 01-10-2022 |
| ഡോ.രഞ്ജിത്ത്.കെ.ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 02-10-2022 | 14-10-2022 |

| | | | |
|---|---|---|---|
| ഡോ.രശ്മി.പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 15-10-2022 | 16-10-2022 |
| ഡോ.ആശ.കെ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 17-10-2022 | 18-10-2022 |
| ഡോ.രശ്മി.പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 19-10-2022 | 01-12-2022 |
| ഡോ.ആശ.കെ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 02-12-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ നാസർ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 01-04-2022 | 26-09-2022 |
| ശ്രീ.രതീഷ് കുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 27-09-2022 | 31-03-2023 |
| ശ്രീ.സുനിൽ കുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-04-2022 | 01-08-2022 |
| ശ്രീമതി.സംഗീത.വി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 02-08-2022 | 31-03-2023 |
| ഡോ.ഷക്കീറലി.കെ.എ | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീഹർഷ.എം.പി | പ്രധാനധ്യാപകൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക സമർപ്പിച്ചതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല. | 1-1-1 |
| 3 | ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ -ബാധ്യത തുകകൾ കൃത്യമായ വിവരം ലഭ്യമാക്കിയില്ല. | 1-1-2 |
| 4 | ദുരിതാശ്വാസ നിധി - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഹരിയാലി അക്കൗണ്ട് - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | നികുതിയിനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക്- വിശദാംശം ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കുമുള്ള ബാധ്യത തുകകളുടെ രേഖകൾ ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- നിക്ഷേപ പ്രവൃത്തി - മുൻകൂർ തുകകൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | റിസംപ്ഷൻ തുക തിരികെ ലഭ്യമായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ആസ്തി കണക്കുകൾ -അപാകതകൾ | 1-1-12 |
| 14 | പഞ്ചായത്ത് കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ | 1-1-13 |
| 15 | ലൈഫ് വായ്പാ രജിസ്റ്റർ അപൂർണ്ണം | 1-1-14 |
| 16 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-15 |
| 17 | വരുമാനക്കണക്കിൽ നെഗറ്റീവ് തുക ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-16 |
| 18 | വിവിധ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല- കൃത്യത ഉറപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുക | 1-1-17 |
| 19 | ഹെൽത്ത് ഗ്രാന്റ് , മണൽ വരവ് എന്നീ അക്കൗണ്ടുകളുടെ റീകൺസിലേഷൻ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | ILGMSൽ റീകൺസിലേഷൻ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. | 1-1-19 |
| 21 | റീ കൺസിലിയേഷൻ പത്രികകളിൽ കാലാവധികഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നു-അപാകതകൾ | 1-1-20 |
| 22 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | തനതുവരുമാനം - അവലോകനം | 1-10 |
| 31 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 32 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-12 |
| 33 | കെട്ടിട വാടക ഈടാക്കിയിട്ടില്ല | 1-13 |
| 34 | വാടകയിനത്തിൽ വൻ കുടിശ്ശിക | 1-14 |
| 35 | രശീതി - അപാകതകൾ | 1-15 |
| 36 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല. | 1-16 |
| 37 | സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനായ ജീവനക്കാരന് ആർജിത അവധി സറണ്ടർ അനുവദിച്ചതിൽ അപാകത. | 1-17 |
| 38 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത. | 1-18 |
| 39 | ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. | 1-19 |
| 40 | പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-20 |
| 41 | ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് | 1-21 |
| 42 | ധാതു ലവണ മിശ്രിതം , വിരമരുന്ന് എന്നിവ വാങ്ങിയത് -അപാകത | 1-22 |
| 43 | മുൻകൂർ തുക കൈപ്പറ്റി ഭവന പുനരുദ്ധാരണം, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. . | 1-23 |
| 44 | കേരളോത്സവം നടത്തിപ്പ്- രേഖകൾ ലഭ്യമാക്കാത്തത് | 1-24 |
| 45 | ബയോബിൻ വിതരണം ചെയ്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-25 |
| 46 | ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 47 | കാർഷിക മേഖല പദ്ധതി നടത്തിപ്പ് പൊതു അപാകതകൾ | 1-27 |
| 48 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം- വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 54.91 ലക്ഷം രൂപ | 1-28 |

| | | |
|---|---|---|
| 49 | കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്. | 1-29 |
| 50 | കുമ്പള ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കൽ- നിർവ്വഹണ ഏജൻസിക്ക് നൽകിയ പാർട്ട് ബില്ലിൽനിന്നും ടെണ്ടർ കിഴിവ്, ആദായ നികുതി, ജി.എസ്. ടി എന്നിവ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. | 1-30 |
| 51 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. | 1-31 |
| 52 | ബാങ്ക് റീകൺസിലിയേഷൻ-അക്കൗണ്ടിൽ ക്രെഡിറ്റാകാത്ത തുകകൾ- അക്കൗണ്ടിംഗ് വിഭാഗം തുടർ നടപടി സ്വീകരിച്ചിട്ടില്ല- | 1-32 |
| 53 | നികുതി പിരിവ് ലക്ഷ്യം കൈവരിച്ചില്ല- വികസന ഫണ്ടിൽ നിന്നും 5.15 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തു. | 1-33 |
| 54 | PMC വഴി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-34 |
| 55 | KSEB യിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ - സൂപ്പർവിഷൻ ചാർജ്ജിന് GST ഈടാക്കിയത് | 1-35 |
| 56 | തെരുവുവിളക്ക് റിപ്പയർ (106/ 23) - അപാകതകൾ | 1-36 |
| 57 | കുണ്ടങ്കാറടുക്ക എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ (91/23 )-വിശദാംശങ്ങൾ നൽകേണ്ടതാണ് | 1-37 |
| 58 | കുടിവെള്ള കരം പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ചോർത്തുന്നു. | 1-38 |
| 59 | സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച നിരീക്ഷണം | 1-39 |
| 60 | തനത്ഫണ്ട് ചെലവുകൾ - വിനിയോഗവിവരം ലഭ്യമല്ല | 1-40 |
| 61 | ഹോമിയോ ഡിസ്പെൻസറിക്ക് മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമായില്ല | 1-41 |
| 62 | ആശ്രയ- അഗതി രഹിത കേരളം (228 /23 )-വിനിയോഗവിവരം നൽകേണ്ടതാണ് | 1-42 |
| 63 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (230 /23 )-താമസസാക്ഷ്യപത്രം പരിശോധനക്ക് നൽകേണ്ടതാണ് | 1-43 |
| 64 | എസ് ടി കോളനി മിനി മാസ്റ്റ് ലൈറ്റ് (441/ 23 )-അപാകതകൾ | 1-44 |
| 65 | എസ് സി വിവാഹ ധനസഹായം (452/ 23 )-രേഖകൾ ഹാജരാക്കാത്തത് | 1-45 |
| 66 | ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (261/ 23 )-അപാകതകൾ | 1-46 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്. | 3-1 |
| 2 | PMC വഴി നിർവഹണം നടത്തിയ പദ്ധതികളിലെ അംഗീകരിക്കാത്ത ചെലവുകൾ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 9/08/2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 11/08/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
21.12.2023

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 വാർഷിക ധനകാര്യപത്രിക സമർപ്പിച്ചതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ ചട്ടം 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച്

നാല് മാസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഇതു പ്രകാരം 31/07/2023 നുള്ളിൽ വാർഷിക ധനകാര്യപത്രിക സമർപ്പിക്കേണ്ടതായിരുന്നെങ്കിലും കുമ്പള ഗ്രാമ പഞ്ചായത്ത് 11/08/2023 നാണ് 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചത്

1-1-2 ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ -ബാധ്യത തുകകൾ കൃത്യമായ വിവരം ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ വർഷങ്ങളായി വിനിയോഗിക്കാത്ത ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് അവ നിലവിൽ സ്ഥിതി ചെയ്യുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകകൾ വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തുക ലഭ്യമാക്കിയ സ്ഥാപനങ്ങൾക്കോ, അല്ലെങ്കിൽ അവരുടെ അനുമതിയോടെ സർക്കാരിലേയ്ക്കോ തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ്സ് | ഇനം | തുക |
|---|---|---|---|
| 1 | 320100101 | ARWSS | 689676 |
| 2 | 320200307 | MLA -Local Area Development Fund | 145487 |
| 3 | 320100145 | NPRPD | 780000 |
| 4 | 320200399 | Grant Funds& Contributions For Specific Purposes | 1094946 |
| 5 | 320300103 | Total Sanitation | 104733 |
| | 320100182 | ,, | 84574 |
| 6 | 320300199 | Grant Funds& Contributions For Specific Purposes | 192521 |
| 7 | 320100148 | National Rural Drinking Water Scheme | 94293 |
| 8 | 320100196 | ICDS | 5491458 |
| 9 | 320100198 | Grant From Suchithwa Mission | 6584738 |
| 10 | 320100999 | Other Liabilities | 1757666 |
| 11 | 320200304 | Grant For Solid Waste Managment | 1050000 |
| 12 | 320700104 | Contributions For Joint Venture Projects Block Panchayats | 2153601 |
| 13 | 320700304 | Contributions For Joint Venture Projects Block Panchayats | 380000 |
| 14 | 320700404 | Contributions For Joint Venture Projects Block Panchayats | 44000 |
| 15 | 320700105 | Contributions For Joint Venture Projects District Panchayats | 1000000 |
| 16 | 340700205 | Contributions For Joint Venture Projects District Panchayats | 141425 |

1-1-3 ദുരിതാശ്വാസ നിധി - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ഹെഡ്സ് 311100101 പ്രകാരം ദുരിതാശ്വാസ നിധി ഇനത്തിലെ ബാധ്യത 11,606/-രൂപയാണ്. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-40b പ്രകാരം നീക്കിയിരിപ്പ് 4206/-രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം പരിശോധിച്ച് പ്രസ്തുത ഇനത്തിലെ ബാധ്യത ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-4 ഹരിയാലി അക്കൗണ്ട് - ബാധ്യത കണക്ക് പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ ഹെഡ്സ് 320100124പ്രകാരം ഹരിയാലി പദ്ധതി ഇനത്തിലെ ബാധ്യത 58017/-രൂപയാണ്. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-40b പ്രകാരം നീക്കിയിരിപ്പ് 63379/-രൂപയാണ്. 2021-22, 2022-23വർഷങ്ങളിൽ പ്രസ്തുത അക്കൗണ്ടിൽ ലഭിച്ച പലിശ തുക പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്താതെ പലിശ വരവിൽ ചേർത്തതിനാലാണ് വ്യത്യാസം സംഭവിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് പ്രസ്തുത ഇനത്തിലെ ബാധ്യത ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-5 നികുതിയിനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

എ) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ച് പ്രധാന നികുതിയിനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

ബി) തൊഴിൽ നികുതി, വാടക വരവ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ വർഷാന്ത്യസംഗ്രഹം രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-1-6 ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക്- വിശദാംശം ലഭ്യമാക്കിയില്ല.

ബാലൻസ്ഷീറ്റ് B-9ഷെഡ്യൂൾ - ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ 117921/- രൂപ "350800101" എന്ന ഹെഡ്ഡിൽ നിലനിൽക്കുന്നു.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച് 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം, 44, 46 എന്നിവ പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 117921/- രൂപയുടെ കൃത്യത പരിശോധിച്ച് ആയതിന്റെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കു നൽകി) ലഭ്യമാക്കേണ്ടതാണ്.

### 1-1-7 സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കുമുള്ള ബാധ്യത തുകകളുടെ രേഖകൾ ലഭ്യമാക്കിയില്ല.

ബാലൻസ്ഷീറ്റ് B-9 ഷെഡ്യൂൾ - വിവിധ ഹെഡ്ഡുകൾ പ്രകാരം സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും 31.03.2023 ൽ ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.

എ) ബാലൻസ് ഷീറ്റ് B-7ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുവാൻ നടപടികൾ സ്വീകരിച്ചിതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) B-7ഷെഡ്യൂൾ- 320900102 Road Cutting Deposit എന്നയിനത്തിൽ ബാധ്യതയിൽ വിവിധ വർഷങ്ങളായി തുടരുന്ന 6468459/- രൂപയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. പ്രസ്തുത തുകയുടെ വിശദാംശം/ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-9 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- നിക്ഷേപ പ്രവൃത്തി - മുൻകൂർ തുകകൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) 2022-23 സാമ്പത്തിക വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി KSEBയുടെ വിവിധ സെക്ഷനുകൾക്ക് 831051/- രൂപയും, ഭൂജല വകുപ്പിന് 147388/- രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ബാലൻസ് ഷീറ്റ് ബി-18 460100101 ൽ 21000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ

ലഭിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) ബാലൻസ് ബി-18 Loans, Advances, And Deposits എന്ന ഷെഡ്യൂളിൽ 460100101 എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയ 100000/-രൂപ കുടിവെള്ള വിതരണ കരാറുകാരന് നൽകിയതായാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ളത് . കരാറുകാരന് ഫൈനൽ ബിൽ നൽകി പ്രസ്തുത തുക 2022 ജൂലൈ മാസം ക്രമീകരിച്ചിട്ടുണ്ട്. അഡ്വാൻസ് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

ഡി) ബാലൻസ് ബി-18 Loans, Advances, And Deposits ഷെഡ്യൂളിലെ ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. തുക വിനിയോഗിച്ചവ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും അഡ്വാൻസ് നൽകി ക്രമീകരിക്കാത്തവയിലും, മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിക്കാത്തവയിലും അനുവദിച്ച തുകകൾ തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | ഹെഡ്ഡ് | ഇനം | തുക |
|---|---|---|---|
| 1 | 460100102 | Permanent Advance/imprest | 105080 |
| 2 | 460100105 | Tour Traveling Allowance Advance | 6034 |
| 3 | 460100199 | Other Advance | 672962 |
| 4 | 460500101 | Advance To Beneficiary Committee Conveners | 380000 |
| 5 | 460500202 | Advance To KSEB | 799587 |
| 6 | 460500501 | Advance To Implementing Officers | 1202346 |
| 7 | 460500801 | Advance To NREGS | 922216 |
| 8 | 460500901 | Advance To Others | 108523 |

1-1-10 റിസംപ്ഷൻ തുക തിരികെ ലഭ്യമായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ജോയിന്റ് വെഞ്ചർ ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 2,34,741/-രൂപ ഉൾപ്പെടെ 1,98,09,927/-രൂപ വർഷാവസാനം സർക്കാർ തിരിച്ചെടുത്തിട്ടുണ്ട് (Resumption). പ്രസ്തുത തുകകൾ തിരികെ ലഭ്യമായതിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-11 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

എ) തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ (KGB-4051710006839) 2022-23വർഷം 63416/-രൂപ വരവുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ വരവിലെടുത്തിട്ടില്ല. പകരം 320200399എന്ന ഹെഡ്ഡിലാണ് വരവിലെടുത്തിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത തുക നീക്കിയിരിപ്പുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ 320200399 എന്ന ഹെഡ്ഡിലാണ് പ്രസ്തുത ഇനത്തിലെ ബാധ്യത ഉൾപ്പെടുന്നത്. ഇക്കാര്യം പരിശോധിച്ച് തൊഴിലുറപ്പ് പദ്ധതി ബാധ്യത ക്രമീകരിച്ച് ശരിയായ ഹെഡ്ഡിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 2022-23 വാർഷിക ധനകാര്യ പത്രിക ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6, I-14 Cഎന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി വേതന ഇനത്തിലെ ചെലവ് 21262628രൂപയാണ് . തൊഴിലുറപ്പ് പദ്ധതി അധികൃതർ ലഭ്യമാക്കിയ FTO സമ്മറി സ്റ്റേറ്റ്മെന്റിൽ കോളം നം.13 പ്രകാരമുള്ള Total Processed Amount ആയി ഉൾപ്പെടുത്തിയിട്ടുള്ള ആകെ തുക 22334359 രൂപയാണ് ( Unskilled -18617082, Skilled- 780600, Meterial- 2936677). വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും, FTO സമ്മറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ 1071731/-രൂപയുടെ വ്യത്യാസമുണ്ട്. പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

### 1-1-12 ആസ്തി കണക്കുകൾ -അപാകതകൾ

എ) ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2022 ലെ ട്രയൽ ബാലൻസിൽ Other Fixed Assets – Closing (Debit)-ൽ ഉൾപ്പെട്ട തുക 225255/-രൂപയാണ്. എന്നാൽ 2022-23 വാർഷിക ധനകാര്യപത്രിക ട്രയൽ ബാലൻസിൽ ഹെഡ് 410800101 ൽ Other Fixed Assets – Opening (Debit)-ൽ ഉൾപ്പെട്ട തുക 2011249/-രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

കൂടാതെ 2022-23 വാർഷിക ധനകാര്യപത്രിക ട്രയൽ ബാലൻസിൽ ആസ്തി കണക്കിൽ ചുവടെ ചേർത്ത ഹെഡ്ഡുകളിൽ Opening Debit-ൽ ഉൾപ്പെട്ട തുകകൾ 31.03.2022ലെ ട്രയൽ ബാലൻസിൽ Closing Debit-ൽ ഏത് ഹെഡ്ഡുകളിലായിരുന്നു ഉൾപ്പെട്ടിരുന്നത് എന്നതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 414100107 | Play Ground To Govt Schools | 567324 |
| 414103005 | Side Wall Of Stadium/play Ground | 650000 |
| 415120105 | Other Buildings Sanitation Facilities | 2821495 |
| 415120106 | Other Buildings Side Wall | 2298703 |
| 415120108 | Other Buildings - Equipments | 199800 |
| 415120109 | Other Buildings Furniture | 97176 |

ബി) 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-13 പഞ്ചായത്ത് കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നമ്പർ | തൻവർഷ വരവ് | വർഷാന്ത്യ നീക്കിയിരിപ്പ് |
|---|---|---|
| കേരള ബാങ്ക് A/c.No. 180012801001746 | 6678/- | 339663 |
| ബാങ്ക് ഓഫ് ബറോഡ A/c.No. 68730100020310 വാതിൽ പടി സേവനം | 3680/- | 3680 |
| 405117101076374 -KGB | - | - |
| 40517100004592-KGB | - | - |

മേൽ പരാമർശിച്ചതിൽ കേരള ബാങ്ക് , കേരള ഗ്രാമീണ ബാങ്ക് എന്നിവയിലെ അക്കൗണ്ടുകൾ ഏത് ആവശ്യവുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. മേൽ അക്കൗണ്ടുകൾ വാർഷിക കണക്കിൽ നിന്നും ഒഴിവായിപ്പോകുവാൻ ഉണ്ടായ കാരണം വ്യക്തമാക്കേണ്ടതും മേൽ പട്ടിക പ്രകാരം ഇടപാടുകൾ നടത്തുന്ന അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഇടപാടുകൾ നടത്താത്തവ സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ഒഴിവാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-1-14 ലൈഫ് വായ്പാ രജിസ്റ്റർ അപൂർണ്ണം

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ സൂക്ഷിക്കുന്ന ലൈഫ് പദ്ധതി വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. വായ്പാ തുകയും , സ്റ്റേറ്റ് ഷെയറും ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

വായ്പാ തിരിച്ചടവ് ഉൾപ്പെടുത്തി വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വായ്പാകണക്ക് വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വായ്പാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കുണ്ട്. കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വായ്പാ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-15 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

**1-1-16 വരുമാനക്കണക്കിൽ നെഗറ്റീവ് തുക ഉൾപ്പെടുത്തിയിരിക്കുന്നു.**

വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ 1-6 ൽ 160100207 ( Funds For Transferred Institutions-Allopathy ) എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ (- ) 84,230/- രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വരുമാനക്കണക്കിൽ തുക നെഗറ്റീവ് ആകുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-17 വിവിധ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല- കൃത്യത ഉറപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുക**

എ) ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ 350400501 – Refunds Payable -Grants & Funds എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയ 1,08,669/-, രൂപയുടെയും, 350409901- Refunds Payable Others എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയ 19,200/-രൂപയുടെയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇവയുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്ക് ഒടുക്കുവാനുള്ള തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഹെഡ്ഡ് 190300404ൽ Prior Period Income Refund From Ground Water Department എന്നയിനത്തിൽ വരവ് വന്ന 15,960/-രൂപയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ ബാക്കിയുണ്ടായിരുന്ന തുകയാണ് തിരികെ നല്കിയതെങ്കിൽ ആയത് സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സി) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഹെഡ്ഡ് 320100199 ൽ Sale Of Sand എന്നയിനത്തിൽ വരവ് കാണിച്ചിട്ടുള്ള 8534/-രൂപയുടെ കൃത്യത പരിശോധിക്കുക. Sale Of Sand ഇനത്തിലെ വരവുകൾ 150100108 എന്ന ഹെഡ്ഡിൽ ആണ് ഉൾപ്പെടുത്തേണ്ടത്.

**1-1-18 ഹെൽത്ത് ഗ്രാന്റ് , മണൽ വരവ് എന്നീ അക്കൗണ്ടുകളുടെ റീകൺസിലേഷൻ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.**

ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകളുടെയും, മണൽ വരവ് അക്കൗണ്ടിന്റേയും ILGMS ൽ ലഭ്യമായ റീ കൺസിലേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസും , വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രസ്തുത അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ പ്രസ്തുത അക്കൗണ്ടുകളുടെ 31-03-2023 ലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

| അക്കൗണ്ട് നം. & ബാങ്ക് | റീ കൺസിലേഷൻ പത്രിക പ്രകാരമുള്ള | RP-40bപ്രകാരമുള്ള | ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള |
|---|---|---|---|

| | ബാങ്ക് ബുക്ക് ബാലൻസ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|
| 68730100020282/-ബാങ്ക് ഓഫ് ബറോഡ- ഹെൽത്ത് ഗ്രാന്റ് | 208280/- | 176821/- | 249867 |
| 68730100020283/-ബാങ്ക് ഓഫ് ബറോഡ- ഹെൽത്ത് ഗ്രാന്റ് | 356864/- | 388323/- | 416922 |
| 33460635238- SBI -Sand | 790588 | 1528738/- | 833630 |

1-1-19 ILGMSൽ റീകൺസിലേഷൻ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

SBI A/c No. 67185715840, റീ കൺസിലേഷൻ പത്രിക ILGMS-ൽ നാളിതുവരെ Submitചെയ്തിട്ടില്ല. കുമ്പള സർവ്വീസ് സഹകരണ ബാങ്ക് A/c.No. 001001020464 ന്റെ റീകൺസിലേഷൻ പത്രിക ILGMS- ൽ On Going എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്, Submitചെയ്ത് കാണുന്നില്ല. ഈ അക്കൗണ്ടുകളുടെ റീകൺസിലേഷൻ പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ബന്ധപ്പെട്ട അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| അക്കൗണ്ട് നം. & ബാങ്ക് | RP- 40bപ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| SBI A/c No. 67185715840, | 1070568 | 999078 |
| കുമ്പള സർവ്വീസ് സഹകരണ ബാങ്ക് A/c.No. 001001020464 | 961430 | 969257 |

1-1-20 റീ കൺസിലിയേഷൻ പത്രികകളിൽ കാലാവധികഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നു-അപാകതകൾ

ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളുടെ 31.3.2023 ലെ വർഷാവസാന റീകൺസിലേഷൻ പത്രികകളിൽ പൊരുത്തപ്പെടുത്തൽ തുകകളായി കാലാവധി കഴിഞ്ഞ ചെക്കുകൾ വ്യാപകമായി ചേർത്ത് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

1) A/c.No. 40517101045888- KGB (തനത് ഫണ്ട്)

| Cheque Issued But Not Presented In To Bank | Cash Or Cheque Withdrawal | Cheque Deposited But Not Cleared | Direrectly Debited By Bank | Diretly Credited By Bank | Cash Or Cheque Deposited |
|---|---|---|---|---|---|
| 29541 | 42000 | 521752 | 15166 | - | 31744 |

എ) Cheque Deposited But Not Cleared-ആയി രേഖപ്പെടുത്തിയിട്ടുള്ള 521752/-രൂപയിൽ 451197/-രൂപയും കാല പരിധി കഴിഞ്ഞ ചെക്കുകൾ ഉൾപ്പെടുന്ന തുകകളാണ്. (17-9-2018 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു)

സി) Cash Or Cheque Withdrawal -ആയി കാണിച്ചിട്ടുള്ള 42000/- രൂപയുടെ ഇൻസ്ട്രുമെന്റ് തിയതി 31.03.2022ആണ്. ഈ തുക യുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) Directly Debited By Bank- ആയി കാണിച്ചിട്ടുള്ള 15166/-രൂപയും കാല പരിധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകളാണ്. (27.04.2022 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു)

2) A/c.No. 20464- കുമ്പള സർവ്വീസ് സഹകരണ ബാങ്ക് (തനത് ഫണ്ട്)

| Cheque Issued But Not Presented In | Cash Or Cheque | Cheque Deposited But | Directly Debited By | Diretly Credited By | Cash Or Cheque |
|---|---|---|---|---|---|

| To Bank | Withdrawal | Not Cleared | Bank | Bank | Deposited |
|---|---|---|---|---|---|
| 12429 | 2000 | - | 7866 | 2279 | - |

എ) Cheque Deposited But Not Cleared-ആയി രേഖപ്പെടുത്തിയിട്ടുള്ള 12429/-രൂപയും, Directly Credited By Bank- ആയി കാണിച്ചിട്ടുള്ള 2279/-രൂപയും കാല പരിധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകളാണ്. (18.01.2021 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു)

ബി) Directly Debited By Bank- ആയി കാണിച്ചിട്ടുള്ള 7866/-രൂപയിൽ 7766രൂപയും കാല പരിധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകളാണ്. (01.10.2021 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു)

സി) Cash Or Cheque Withdrawal -ആയി കാണിച്ചിട്ടുള്ള 2000/- രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) ഈ അക്കൗണ്ടിന്റെ റീ കൺസിലേഷൻ പത്രിക ILGMS ൽ On Going എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . സബ്മിറ്റ് ചെയ്തിട്ടില്ല.

3) A/c.No. 33460635238- SBI (SAND)

| Cheque Issued But Not Presented In To Bank | Cash Or Cheque Withdrawal | Cheque Deposited But Not Cleared | Directly Debited By Bank | Diretly Credited By Bank | Cash Or Cheque Deposited |
|---|---|---|---|---|---|
| 746160 | - | 7000 | 7787 | 47820 | - |

SBI മണൽ അക്കൗണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട മേൽ പട്ടികയിൽ രേഖപ്പെടുത്തിയ മുഴുവൻ തുകകളും കാലപരിധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകളാണ്. (04.02.2019 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു)

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസവും പൊരുത്തപ്പെടുത്തി അടുത്ത മാസം അഞ്ചാം തിയതിയ്ക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന 2011 ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ (ചട്ടം 51) അധികൃതർക്ക് സാധിച്ചിട്ടില്ല. മേൽ പരാമർശിച്ച റീകൺസിലേഷൻ പത്രികകളിൽ ബാങ്ക് ബുക്കും, ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുത്തുന്നതിനായി ഉൾപ്പെടുത്തിയ മേൽ പരാമർശിച്ച തുകകൾ പരിശോധിച്ച് കാലപരിധി കഴിഞ്ഞ ചെക്കുകളിൽ അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.2/1 തിയതി:30.03.2022 | നം.1/1 തിയതി:22.03.2023 |
| മുന്നിരിപ്പ് | 3178191 | 1842217 |
| വരവ് | 319492000 | 368329708 |
| ആകെ | 322670191 | 370171925 |

| | | |
|---|---|---|
| ചെലവ് | 319643846 | 367274311 |
| നീക്കിയിരിപ്പ് | 3026345 | 2897614 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 2,24,97,088 |
| വരവ് | 9,71,05,446 |
| ആകെ | 11,96,02,533 |
| ചെലവ് | 9,51,10,354 |
| നീക്കിയിരിപ്പ് | 2,44,92,180 |
| വരവ് കണക്കുകളിന്മേലുള്ള നഷ്ടം | 2,732 |
| ചെലവ് കണക്കുകളിന്മേലുള്ള നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | 2,36,176 |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 94,41,196 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 49786802 | 49786802 | 44903433 | - | 4883369 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8185198 | 8185198 | 7035364 | - | 1149834 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 705000 | 705000 | 505152 | - | 199848 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11061000 | 11061000 | 9883334 | - | 1177666 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9028000 | 9028000 | 8881850 | - | 146150 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 1440538 | 1440538 | 878925 | - | 561613 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 2107056 | 7777257 | 9884313 | 4838516 | 5045797 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- ട്രഷറി | 0 | 9370000 | 9370000 | 3346327 | | 6023673 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- ബാങ്ക് | 8734716 | 10899000 | 19633716 | 7558830 | 12074886 | - |
| ബിഫണ്ട് | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 540000 | 540000 | 540000 | 0 | - |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 2577601 | 4793959 | 7371560 | 4793959 | 2577601 | - |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 1141425 | 1284999 | 2426424 | 1284999 | 1141425 | - |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 0 | 21326044 | 21326044 | 21262628 | 63416* | - |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 3508467 | 3165638 | 6674105 | 1182647 | 5491458 | - |
| ശുചിത്വ മിഷൻ | 6470555 | 530000 | 7000555 | 415817 | 6584738 | - |
| ടോട്ടൽ സാനിറ്റേഷൻ | 104733 | 0 | 104733 | 0 | 104733 | - |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 416922 | 416922 | 37439 | 379483 | - |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 249867 | 249867 | 73046 | 176821 | - |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | - |
| ഖരമാലിന്യ പരിപാലന ഗ്രാന്റ് | 1050000 | 0 | 1050000 | 0 | 1050000 | - |
| MLA ഫണ്ട് | 145487 | 0 | 145487 | 0 | 145487 | - |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | - | 1840000 | 1840000 | 1840000 | - | - |

കുറിപ്പ് :1) വികസന ഫണ്ട് ജനറൽ , എസ്.സി.പി, ടി.എസ്.പി, എന്നിവയുടെ സ്രോതസ്സിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പായിനത്തിൽ തിരിച്ച് പിടിച്ച 38,58,584/-രൂപയും, അങ്കണവാടി അധിക ഹോണറേറിയം ഇനത്തിൽ വികസന ഫണ്ടിൽ നിന്നും തിരിച്ച് പിടിച്ച 17,95,800/-രൂപയും, 2021-22വർഷം നികുതി പിരിവ് 90% കൈവരിക്കാത്തതിനാൽ വികസന ഫണ്ട് അലോക്കേഷൻ മൂന്നാം ഗഡുവിൽ നിന്നും തിരിച്ച് പിടിച്ച 515940/-രൂപയും മേൽ പട്ടികയിൽ ബന്ധപ്പെട്ട വരികളിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാധ്യത തുകയും, ബാങ്ക് നീക്കിയിരിപ്പും 17358154/-രൂപയാണ്. മേൽ പട്ടിക പ്രകാരം ബാങ്ക് നീക്കിയിരിപ്പായിട്ടുള്ള തുക 17120683/-രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസത്തിനുള്ള കാരണം ( 17358154 -17120683= 237471) തൻവർഷം സുലേഖ പ്രകാരം ചെലവ് കാണിച്ചിട്ടുള്ള തുകകളിൽ നിന്നും റിക്കവറി ചെയ്ത നികുതി തുകകളും, റിട്ടെൻഷൻ തുകയും ബാങ്കിൽ നിലനിൽക്കുന്നതിനാലാണ്,

3) തൊഴിലുറപ്പ് പദ്ധതിയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരമാണ് മേൽപട്ടികയിൽ ചേർത്തിട്ടുള്ളത്. തൻവർഷം ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന 63416/-രൂപ ഹെഡ്സ് മാറിയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കിൽ കണ്ടെത്തിയ ന്യൂനതകൾ ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 253986730 | 228 | 115758604 | - | 101 | 69.30 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | വിവരം | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 46 | 24956401 | 28 | 18096136 | 72.51 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 4768651 | 12 | 1656812 | 34.74 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 184 | 92589638 | 118 | 34510674 | 37.27 |
| 4 | കൃഷി ഓഫീസർ | 11 | 12279089 | 11 | 9821938 | 79.98 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 3390734 | 6 | 2999910 | 88.47 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 21 | 87018083 | 18 | 23514679 | 27.02 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 13071919 | 7 | 12404643 | 94.89 |
| 8 | പ്രധാനധ്യാപകൻ | 7 | 3688780 | 7 | 3314007 | 89.84 |
| 9 | മെഡിക്കൽ ഓഫീസർ യുനാനി | 8 | 3910165 | 8 | 3887730 | 99.42 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 8 | 3515005 | 8 | 2929754 | 83.34 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 700000 | 1 | 506731 | 72.39 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 3698265 | 3 | 1715590 | 46.38 |
| | ആകെ | 329 | 253986730 | 228 | 115758604 | 45.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 60416 | 60416 | 0 | 60416 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 21262628 | 21262628 | 21262628* | 0 |
| ആകെ | 0 | 21323044 | 21323044 | 21262628 | 60416 |

* 2022-23 വാർഷിക ധനകാര്യ പത്രിക ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6, I-14 Cഎന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി വേതന ഇനത്തിലെ ചെലവ് 21262628 രൂപയാണ് . തൊഴിലുറപ്പ് പദ്ധതി അധികൃതർ ലഭ്യമാക്കിയ FTO സമ്മറി സ്റ്റേറ്റ്മെന്റിൽ കോളം നം.13പ്രകാരമുള്ള Total Processed Amount ആയി ഉൾപ്പെടുത്തിയിട്ടുള്ള ആകെ തുക 22334359 രൂപയാണ് ( Unskilled -18617082, Skilled- 780600, Meterial- 2936677). വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും, FTO സമ്മറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ 1071731/-രൂപയുടെ വ്യത്യാസമുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 2998 പദ്ധതികളുൾപ്പെടുന്ന 58.89 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 133 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 59229 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 257 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 593600 | 33 |
| വിധവാപെൻഷൻ | 26066600 | 1782 |
| വാർദ്ധക്യകാലപെൻഷൻ | 34647000 | 2240 |
| വികലാംഗപെൻഷൻ | 8507200 | 622 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 254400 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 540000 | 18 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-2023 തീയതിയിൽ 12.21 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 43,327/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിഷ്കർഷിച്ച സമയപരിധി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 11.08.2023നാണ് 2022-23വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചത്. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വർഷാന്ത്യ റീകൺസിലേഷൻ പത്രിക തയ്യാറാക്കിയതിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ ചില ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ നിന്നുതന്നെ ഒഴിവായിപ്പോയിട്ടുമുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഗ്രാമ പഞ്ചായത്തിന്റെ ബാധ്യത തുകകൾ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാധ്യത തുകയും യഥാർത്ഥ നീക്കിയിരിപ്പും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ധനകാര്യമാനേജ്മെന്റിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും കൂടുതൽ ശ്രദ്ധ നല്കേണ്ടതാണ്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിൽ ഭാഗം 1-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 13 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ ക്ലോസ്സ് ചെയ്ത് സെക്രട്ടറി/പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ജീവനക്കാരുടെ സേവന പുസ്തകങ്ങളുടെ പരിശോധനയിൽ , അനർഹമായി ലീവ് സറണ്ടർ ചെയ്തതുൾപ്പടെ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഈ റിപ്പോർട്ടിലെ ഭാഗം 1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ച

അപാകതകൾ പരിഹരിക്കുവാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ 46.43ലക്ഷം രൂപയും , വാടകയിനത്തിൽ 20.10 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ജല അതോറിറ്റിക്ക് ഒടുക്കേണ്ട കുടിവെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കുടിശ്ശികയുണ്ടാകുവാനുള്ള കാരണം പരിശോധിക്കേണ്ടതും ആയത് ക്രമീകരിക്കുവാനും , സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തനതുവരുമാനം - അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) വസ്തു നികുതി

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുണ്ട്. ഡി.സി.ബി പ്രകാരം 45,44,504/-രൂപ (17,83,948/-തൻവർഷം+27,60,556/-മുൻവർഷങ്ങളിലെ കുടിശ്ശിക) പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ മുഖ്യസ്രോതസ് വസ്തുനികുതിയാണ്.

നികുതി പിരിവ് ലക്ഷ്യം കൈവരിച്ചില്ല- വികസന ഫണ്ടിൽ നിന്നും 5.15 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം തനത് നികുതി പിരിവിൽ 90% ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ വികസന ഫണ്ട് ജനറൽ ബജറ്റ് വിഹിതത്തിൽ നിന്നും 1% കുറവ് വരുത്തുവാൻ സ.ഉ (എം.എസ്) നം.79/22 ധന. തി. 18/10/2022 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം 2021-22 വർഷം നികുതി പിരിവ് ലക്ഷ്യം കൈവരിക്കാതിരുന്നതിനാൽ 2022-23 വർഷം ഗ്രാമ പഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് പൊതുവിഭാഗം മൂന്നാം ഗഡു ബജറ്റ് വിഹിതത്തിൽ നിന്നും 5,15,940/-രൂപ സർക്കാർ തിരിച്ചെടുക്കുകയുണ്ടായി .ആയതിനാൽ വസ്തുനികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതാണ്.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കുമ്പള ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 25.07.2023 തീയതിയിലെ 19(1), 19(2) നമ്പർ ഭരണസമിതി തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ അഞ്ചുവർഷത്തേക്ക് അടിസ്ഥാന വസ്തു നികുതി നിർണയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കുറഞ്ഞ നികുതി | കൂടിയ നികുതി | അംഗീകരിച്ച നികുതി |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 6 | 10 | 6 |
| 2 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ | 8 | 12 | 10 |

| | | | | |
|---|---|---|---|---|
| 3 | പാർപ്പിടാവശ്യം- സ്വകാര്യ ഹോസ്റ്റൽ | 40 | 70 | 60 |
| 4 | പാർപ്പിടാവശ്യം- റിസോർട്ട് | 85 | 95 | 90 |
| 5 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ | 40 | 70 | 60 |
| 6 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. മുകളിലുള്ളവ | 55 | 75 | 70 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയറുപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൌശല നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പടെ | 6 | 10 | 10 |
| 8 | വ്യവസായത്തിനാവശ്യമുള്ളവ- കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ് | 8 | 12 | 10 |
| 9 | വ്യവസായത്തിനാവശ്യമുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ | 20 | 30 | 20 |
| 10 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മൈക്രോ സെക്ടർ | 12 | 22 | 20 |
| 11 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - സ്മാൾ സെക്ടർ | 12 | 22 | 20 |
| 12 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മീഡിയം സെക്ടർ | 20 | 30 | 20 |
| 13 | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 45 | 65 | 55 |
| 14 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ ( വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പടെ) | 6 | 10 | 10 |
| 15 | ആശുപത്രി | 20 | 30 | 30 |
| 16 | അമ്യൂസ് മെന്റ് പാർക്കുകൾ | 25 | 45 | 45 |
| 17 | മൊബൈൽ ടെലഫോൺ ടവർ | 500 | 600 | 600 |
| 18 | ടെലി കമ്മ്യൂണിക്കേഷൻ പോൾ (ഓരോന്നിന്) | 450 | 600 | 600 |
| 19 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 40 | 70 | 70 |
| 20 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 60 | 80 | 80 |
| 21 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ | 80 | 100 | 100 |
| 22 | വാണിജ്യാവശ്യം- മാളുകൾ | 80 | 100 | 100 |
| 23 | വാണിജ്യാവശ്യം- സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 6 | 10 | 10 |
| 24 | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം, സിനിമ തിയേറ്റർ തുടങ്ങിയവ ഉൾപ്പടെ ) | 25 | 40 | 40 |
| 25 | ഓഫീസ് കെട്ടിടങ്ങൾ - സർക്കാർ ഓഫീസുകൾ | 6 | 10 | 10 |

| | | | | |
|---|---|---|---|---|
| 26 | ഓഫീസ് കെട്ടിടങ്ങൾ - മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 40 | 60 | 60 |
| 27 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീ വരെയുള്ളവ | 40 | 70 | 60 |
| 28 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീറ്ററിന് മുകളിലുള്ളവ | 75 | 95 | 85 |
| 29 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ -ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ | 25 | 45 | 40 |
| 30 | ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ | 160 | 170 | 170 |

പുതുക്കിയ നിരക്കിലാണ് പഞ്ചായത്തിൽ വസ്തു നികുതി ഈടാക്കുന്നത്.

കെട്ടിട വാടക

കെട്ടിട വാടകിനത്തിൽ 2022-23 വർഷത്തിൽ 47,006/-രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട് ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം (431400102) ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ 13,40,229/- രൂപ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ബസ് സ്റ്റാന്റ് ഫീ, മത്സ്യമാർക്കറ്റ് ഫീ എന്നീയിനങ്ങളിൽ രണ്ടുവർഷമായി വരുമാനം ലഭിക്കുന്നില്ല. ബസ്സ് സ്റ്റാന്റ് , മത്സ്യമാർക്കറ്റ് എന്നിവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I) വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം, പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ, നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ അൺ എയിഡഡ് / സ്വകാര്യ കോളജുകൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന എല്ലാവരുടെയും വിശദാംശങ്ങളും അവരുടെ തൊഴിൽനികുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

### 1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ലിറ്റിൽ ലില്ലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്നാം അർദ്ധവർഷം |
| 2 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | വനിത സൊസൈറ്റി കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ശ്യാംരാജ് ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കാനറ ബാങ്ക് കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് മൊഗ്രാൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | വനിത സൊസൈറ്റി കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക് കുമ്പള | രണ്ടാം അർദ്ധവർഷം |
| 5 | സൗത്ത് ഇന്ത്യൻ ബാങ്ക് ആരിക്കാടി | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്

### എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മുഹമ്മദ് കുഞ്ഞി | 419 | ഹോട്ടൽ അൽമജ് ലിസ് | 4 |
| 2 | സയ്യദ് ഷിഹാബുദ്ദീൻ | 422 | അൽ ഹാഷ്മി ട്രേഡിംഗ് | 3 |
| 3 | നായ്ക്കാപ്പ് നിത്യാനന്ദ നായക്ക് | 450 | ശ്രീ ഭഗവതി പ്രസാദ് ഓയിൽ, ഫ്ലോർ & റൈസ് മിൽ | 5 |
| 4 | ഡോ.മുഹമ്മദ് ഹാഷിർ | 458 | ഡോ.മുഹമ്മദ് ഹാഷിർസ് അയിഷ ഡെന്റൽ ക്ലിനിക് | 5 |
| 5 | വി.പി അബ്ദുൾ ഖാദർ | 462 | കുമ്പള ഫ്യൂവൽസ് | 5 |
| 6 | നാഗേഷ് | 12 | ദീപക് ഓട്ടോമൊബൈൽ സർവ്വീസ് | 6 |
| 7 | അംബ നായക്ക് | 188 | ശ്രീ ഭഗവതി പ്രസാദ് ഓയിൽ, ഫ്ലോർ & റൈസ് മിൽ | 5 |
| 8 | കെ.ശിവപ്രസാദ് | 252 | ഭാരത് ഫ്യൂവൽ ഏജൻസീസ് | 7 |
| 9 | കെ.എം,അഹമ്മദ് നിസാർ | 285 | പാദൂർ ഫില്ലിംഗ് സ്റ്റേഷൻ | 6 |
| 10 | പി.ജി.സുബ്രഹ്മണ്യ | 259 | ഗോകുല റസ്റ്റോറന്റ് | 4 |
| 11 | കെ.എം.ഹസൈനാർ | 287 | ജമാലിയ ടിമ്പർ വർക്സ് | 5 |
| 12 | അബ്ദുൾ റസാക്ക്, നിസാർ, മുഹമ്മദ് അലി | 327 | ക്യാരി ഫ്രഷ് ഫാമിലി മാർക്കറ്റ് | 10 |
| 13 | പത്മിനി ശങ്കർപ്രസാദ് | 336 | എസ്.പി.അഡ്വർടൈസ് | 5 |
| 14 | ഡോ.ബിന സി ഷെട്ടി | 337 | ബീനാസ് ഹെൽത്ത്കെയർ | 5 |
| 15 | സിദ്ദിഖ് | 391 | എസ് എ ട്രേഡേഴ്സ് | 9 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല

കുമ്പള ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ്, കലക്ഷൻ എന്നിവ ഉൾപ്പെടുന്ന തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല. തൊഴിൽ നികുതി അടച്ച പല സ്ഥാപനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ കൃത്യമായി എഴുതി ചേർത്ത് രജിസ്റ്റർ പൂർണമാക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിന്റെ അവസാന ഭാഗത്ത് തൻവർഷത്തെ ഡിമാന്റ് , കലക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം.23/14.12.2023 മുഖേന ശ്രദ്ധയിൽപ്പെടുത്തി യെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കുമ്പള ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ ചില ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി. ഈ ഇനത്തിൽ 2022-23 വർഷം 2,732/-രൂപയുടെ കുറവ് വന്നിട്ടുണ്ട്. (വിശദ വിവരം ഖണ്ഡിക 2-1 ൽ)

## 1-13 കെട്ടിട വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത സ്ഥാപനങ്ങൾ വാടക ഒടുക്കുവാൻ ബാക്കിയുള്ളതായി കാണുന്നു.

| ക്രമ നം. | വാടക രജിസ്റ്ററിലെ ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | ഒരു വർഷത്തേക്ക് ആകെ വാടക | ഒടുക്കിയ വാടക | കുറവ് |
|---|---|---|---|---|---|---|
| 1 | 23 | XXIII/1353 | കരുണാകരൻ.എം | 1085x12=13,020 +18%ജി.എസ്.ടി | 1085x10=10,850 +18%ജി.എസ്.ടി | 2,170 +18%ജി.എസ്.ടി |
| 2 | 29 | XXIII/1359 | ശ്രീനിവാസ | 2414x12=28,968 +18%ജി.എസ്.ടി | 0 | 28,968 +18%ജി.എസ്.ടി |
| 3 | 41 | XXIII/613 | അബ്ദുൾ റഹിമാൻ | 3967x12=47,604 +18%ജി.എസ്.ടി | 3967X8=31,736 +18%ജി.എസ്.ടി | 15,868 +18%ജി.എസ്.ടി |
| | | ആകെ | | | | 47,006 +18%ജി.എസ്.ടി |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം.26/14.12.2023 ന മറുപടി ലഭ്യമാക്കിയില്ല. വാടകയിനത്തിൽ ലഭിക്കേണ്ട 47,006/-രൂപ +18% ജി.എസ്.ടി.യും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 വാടകയിനത്തിൽ വൻ കുടിശ്ശിക

ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം (431400102 ) ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ ആകെ 13,40,229/- രൂപ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻവർഷത്തെ ഡിമാന്റ് പ്രകാരമുള്ള കുടിശിക 670653 രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 രശീതി - അപാകതകൾ

മുഴുവനായും ഉപയോഗിക്കാത്ത രശീതി ബുക്കുകൾ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും റദ്ദാക്കി വയ്ക്കുന്നില്ല.

| ക്രമ നം. | രശീതി ബുക്ക് നമ്പർ | രശീതി ബുക്ക് ഏറ്റെടുത്ത ക്ലർക്ക് | റദ്ദാക്കാൻ അവശേഷിക്കുന്ന താളുകൾ |
|---|---|---|---|
| 1 | 23242 | സിയാദ്.ജെ, ക്ലർക്ക് | 20 മുതൽ 100 വരെയുള്ള രശീതികൾ |
| 2 | 23243 | മുഹമ്മദ് സാഹബ് .എം.ബി, ക്ലർക്ക് | 61 മുതൽ 100 വരെയുള്ള രശീതികൾ |
| 3 | 23249 | മുഹമ്മദ് അഷ്റഫ്, ക്ലർക്ക് | 42 മുതൽ 100 വരെയുള്ള രശീതികൾ |
| 4 | 14429 | മുഹമ്മദ് അഷ്റഫ്, ക്ലർക്ക് | 22, 32, 33, 36 മുതൽ 100 വരെയുള്ള രശീതികൾ |
| 5 | 23248 | ചരൺകുമാർ.പി.ആർക്ലർക്ക് | 61മുതൽ 100 വരെയുള്ള രശീതികൾ |

| | | | |
|---|---|---|---|
| 6 | 14424 | ചരൺകുമാർ.പി.ആർ ക്ലർക്ക് | 86മുതൽ 100 വരെയുള്ള രശീതികൾ |

രശീതികൾ ഇത്തരത്തിൽ റദ്ദാക്കാതെ സൂക്ഷിച്ചാൽ പിന്നീട് ഇത്തരം രശീതികൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കിന്നതനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, കുമ്പള ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 41374882060) ആരംഭിച്ചിട്ടുണ്ട്. 12.12.2023ന് ഈ അക്കൗണ്ടിൽ 64,537/- രൂപ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

1-17 സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനായ ജീവനക്കാരന് ആർജിത അവധി സറണ്ടർ അനുവദിച്ചതിൽ അപാകത.

ശ്രീ. ചരൺകുമാർ. പി.ആർ, സൂപ്പർ ന്യൂമററി തസ്തികയിൽ 04.03.2016 ന് കാസറഗോഡ് ഡിസ്ട്രിക്ട് പോലീസ് ഓഫീസിൽ ക്ലാർക്കായി നിയമിതനായി. തുടർന്ന് ഇദ്ദേഹത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡിന്റെ ഉത്തരവ് നം DDP-KSD/7091/2018-SC5 തീയതി 26.02.2020 പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് റീ-ഡിപ്ലോയ്മെന്റ് ചെയ്യുകയും 26.08.2020 ന് മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ ക്ലാർക്കായി സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പോലീസ് വകുപ്പിൽ ഇദ്ദേഹത്തിന്റെ നിയമനം റഗുലറൈസ് ചെയ്തിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ നിയമിതനായതിനു ശേഷം സൂപ്പർ ന്യൂമററി തസ്തികയിലുള്ള ഇദ്ദേഹത്തിന്റെ നിയമനം 17.08.2019 ന് റഗുലറൈസ് ചെയ്തിട്ടുണ്ട് (പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം PAN/505/2020-E14 തീയതി 09.06.2022 പ്രകാരം).

ശ്രീ. ചരൺകുമാർ. പി.ആർ, ക്ലാർക്കിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ ഇദ്ദേഹത്തിന് ചുവടെ ചേർക്കും പ്രകാരം ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ആർജിത അവധി സറണ്ടർ അനുവദിച്ച തീയതി. | സറണ്ടർ ചെയ്ത ദിവസങ്ങളുടെ എണ്ണം | ഉത്തരവ് നം | സേവന പുസ്തകത്തിലെ പേജ് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 10.08.2017 | 30 | A4(b)-39828/17G | 16 | കാസറഗോഡ് ഡിസ്ട്രിക്ട് പോലീസ് ഓഫീസിൽ സേവനത്തിലിരുന്ന കാലയളവ് |
| 03.08.2018 | 30 | A4(b)-36610/18G | 16 | |
| 12.08.2019 | 30 | A4(b)-14800/19G | 16 | |
| 01.04.2020 | 30 | ഇല്ല | 21 | മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ സേവനത്തിലിരുന്ന കാലയളവ് |
| 01.04.2021 | 30 | ഇല്ല | 22 | |

26.08.2022-ലെ ജി.ഒ(പി) നം.97/2022/ഫിൻ പ്രകാരമാണ് സൂപ്പർ ന്യൂമററിതസ്തികയിൽ

നിയമിതരായ ജീവനക്കാർക്ക് ആർജിത അവധി അനുവദിച്ച് ഉത്തരവായത്. ഈ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് 1/22എന്ന നിരക്കിൽ ഒരു വർഷത്തേക്ക് പരാമാവധി 15 ആർജിത അവധിക്കാണ് അർഹത. ഇത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനായ ഒരു ജീവനക്കാരന് സ്വരൂപിച്ച വെക്കാവുന്ന പരമാവധി ആർജിത അവധി 60 എണ്ണമാണ്. കൂടാതെ സർക്കാർ കാലാകലങ്ങളിൽ പൊതു ഉത്തരവുകൾ പ്രകാരം അനുവദിക്കുന്ന വിധം ആർജിത അവധി സറണ്ടർ ചെയ്യുന്നതിനും സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററിതസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ ചെയ്യുന്നതിന് 26.08.2022 മുതൽ മാത്രമാണ് അർഹത. എന്നാൽ ശ്രീ. ചരൺകുമാർ. പി.ആർ-ന് ആയതിനു മുൻപുതന്നെ ആർജിത അവധി സറണ്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തികയിലുള്ള ഇദ്ദേഹത്തിന്റെ നിയമനം 09.06.2022ന്റെ ഉത്തരവു പ്രകാരമാണ് റഗുലറൈസ് ചെയ്തത്. ആയതിനാൽ 08.06.2022വരെയുള്ള കാലയളവിൽ ഇദ്ദേഹത്തിന് ആർജിത അവധി സറണ്ടർ ചെയ്യുന്നതിന് അർഹതയില്ല. ആയതിനാൽ ശ്രീ. ചരൺകുമാർ. പി.ആർ-ന് അനർഹമായി 10.08.2017, 03.08.2018, 12.08.2019, 01.04.2020, 01.04.2021 എന്നീ പ്രാബല്യതീയതികളിൽ അനുവദിച്ച ആർജിത അവധി സറണ്ടർ റദ്ദ് ചെയ്യേണ്ടതും സറണ്ടർ ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ ജി.ഒ(പി) നം.97/2022/ഫിൻ തീയതി 26.08.2022-ലെ വ്യവസ്ഥകൾക്കു വിധേയമായി ഇദ്ദേഹം സൂപ്പർ ന്യൂമററി തസ്തികയിൽ തുടർന്നിരുന്ന 04.03.2016 മുതൽ 16.08.2019 വരെയുള്ള കാലയളവിലെ ആർജിത അവധി കണക്ക് ക്രമീകരിക്കേണ്ടതാണ്. ഇദ്ദേഹത്തിന്റെ നിയമനം റഗുലറൈസ് ചെയ്ത 17.08.2019 മുതൽ സാധാരണ സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന കണക്കിൽ ആർജിത അവധി കണക്കാക്കാവുന്നതാണ്.

ശ്രീ. ചരൺകുമാർ. പി.ആർ സൂപ്പർ ന്യൂമററി തസ്തികയിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ ക്ലാർക്കായി സേവനത്തിലിരുന്ന കാലയളവിൽ അനർഹമായി അനുവദിച്ച ആർജിത അവധി സറണ്ടർ റദ്ദ് ചെയ്യുന്നതിനും സറണ്ടർ ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനും 04.03.2016 മുതൽ 25.08.2020 വരെയുള്ള കാലയളവിലെ ആർജിത അവധി കണക്ക് ക്രമീകരിക്കുന്നതിനുമായി സേവന പുസ്തകം കാസറഗോഡ് ഡിസ്ട്രിക്ട് പോലീസ് ചീഫിന്റെ ഓഫീസിലേക്കും തുടർന്ന് പഞ്ചായത്ത് വകുപ്പിൽ സേവനത്തിലിരുന്ന കാലയളവിൽ അനർഹമായി അനുവദിച്ച ആർജിത അവധി സറണ്ടർ റദ്ദ് ചെയ്യുന്നതിനും സറണ്ടർ ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനും ആർജിത അവധി കണക്ക് ക്രമീകരിക്കുന്നതിനുമായി മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിലേക്കും അയച്ച് അപാകത പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 5 തിയതി 12.12.2023).

### 1-18 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.

01.11.1989 ലെ ജി.ഒ (പി)നം 480/89/ഫിൻ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് 1/22എന്ന നിരക്കിൽ ഒരു വർഷത്തിൽ ആർജിക്കാവുന്ന പരമാവധി ആർജിത അവധിയുടെ എണ്ണം 15 ദിവസമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി.മൈമൂന.ടി.എം, ഫുൾ ടൈം നേഴ്സറി ടീച്ചറുടെ സേവന പുസ്തകം പരിശോധിച്ചതിൽ ഇവർ പാർട്ട് ടൈം നേഴ്സറി ടീച്ചർ തസ്തികയിൽ ജോലി ചെയ്തിരുന്ന 01.04.2016 മുതൽ 22.12.2020വരെയുള്ള കാലയളവിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ ആർജിത അവധിയും കണക്കിലെടുത്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി.മൈമൂന.ടി.എം-ന്റെ 01.04.2016 മുതൽ 22.12.2020 വരെയുള്ള ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 4 തിയതി 12.12.2023).

### 1-19 ജീവനക്കാരുടെ സേവന പുസ്തകത്തിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

1) ശ്രീ. ജയേന്ദ്രൻ. കെ.എൻ, ഓഫീസ് അറ്റൻഡന്റ്.

ശ്രീ. ജയേന്ദ്രൻ. കെ.എൻ, ഓഫീസ് അറ്റൻഡന്റിന്റെ സേവനപുസ്തകം പരിശോധിച്ചതിൽ, ഇദ്ദേഹം കാസറഗോഡ് നഗരസഭയിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ച കാലയളവിൽ 01.01.2021 ന് ശേഷം ഇൻക്രിമെന്റുകൾ അനുവദിച്ചിട്ടില്ല. ഇദ്ദേഹത്തിന് 01.01.2022, 01.01.2023 എന്നീ തീയതികളിൽ നൽകേണ്ടിയിരുന്ന ഇൻക്രിമെന്റുകൾ അനുവദിക്കാത്തതിന്റെ കാരണങ്ങളൊന്നും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ. ജയേന്ദ്രൻ. കെ.എൻ-ന്റെ സേവനപുസ്തകം പേജ് നമ്പർ 81 പ്രകാരം 20.09.2023 ന് കുമ്പള ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭയിൽ നിന്നും വിടുതൽ ചെയ്തതിന്റെ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 8 തിയതി 12.12.2023).

2) ശ്രീ. അമൃതരാജ്, സീനിയർ ക്ലാർക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.09.2023-ലെ ഉത്തരവ് നമ്പർ LSGD/PD /42343/2023-DECS പ്രകാരം ശ്രീ. അമൃതരാജിനെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകി കുമ്പള ഗ്രാമ പഞ്ചായത്തിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ 30.10.2023 AN-ന് ശ്രീ. അമൃതരാജ് കുമ്പള ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് (സേവനപുസ്തകം പേജ് നമ്പർ 32). എന്നാൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഇദ്ദേഹത്തിന്റെ ശമ്പളം നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 10 തിയതി 12.12.2023).

മേൽ പരാമർശിച്ച ജീവനക്കാരുടെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾവരുത്തി അപാക പരിഹരിക്കേണ്ടതാണ്.

## 1-20 പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥൻമാരായ അസിസ്റ്റന്റ് എഞ്ചിനീയർ 2022-2023 വർഷത്തിൽ നിർവഹണം ചെയ്ത ചുവടെ പരാമർശിക്കുന്ന പദ്ധതിക്കായി ചെലവഴിച്ച തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല. ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17 തിയതി 13.12.2023).

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ. | ചെലവ് തുക | ഫണ്ട് | വൗച്ചർ, ചെക്ക് നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പേരാൽ ഗ്രൗണ്ട് വികസനം (പ്രൊജക്റ്റ് നമ്പർ 125/23) | 475000 | തനത് ഫണ്ട് | 8356862/31.10.2022 | ഈ പദ്ധതിക്കായി വികസന ഫണ്ട്-പൊതുവിഭാഗത്തിൽ നിന്നും ചെലവഴിച്ച 646486/-രൂപ സുലേഖ ചെലവ് പത്രികയിൽ (പ്രൊജക്റ്റ് നമ്പർ 424/23) ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-21 ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതി സംബന്ധിച്ച്

31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം ചെയ്തതിൽ, ബാധ്യതകൾ നിവർത്തിക്കാനുള്ള ധനസ്ഥിതി പഞ്ചായത്തിന് ഇല്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 31.03.2023 ലെ സ്ഥിതിയനുസരിച്ച് പഞ്ചായത്തിന് നിവർത്തിക്കാനുള്ള ബാധ്യതകൾ | | |
|---|---|---|
| 1 | ഷെഡ്യൂൾ B4 പ്രകാരം പ്രത്യേക ഉദ്ദേശങ്ങൾക്ക് മാത്രമായി ലഭിച്ച ഫണ്ടുകളിലും അംശാദായങ്ങളിലും ബാക്കിയുള്ള തുക | 40326384 |
| 2 | ഷെഡ്യൂൾ B7 പ്രകാരം ഋണബാദ്ധ്യതാ വരവുകൾ (തിരിച്ച് കൊടുക്കാനുള്ളത്) | 7385050 |
| 3 | ഷെഡ്യൂൾ B9 പ്രകാരമുള്ള ബാദ്ധ്യതകൾ- ശമ്പളം, നികുതികൾ, ക്ഷേമനിധി വിഹിതങ്ങൾ, സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള തുകകൾ, അഡ്വാൻസ് ആയി ലഭിച്ച നികുതികൾ തുടങ്ങിയവ | 8914643 |
| | ആകെ പ്രത്യക്ഷ ബാദ്ധ്യതകൾ | 56626077 |
| 31.03.2023 ലെ നീക്കിയിരിപ്പ് പണത്തിന്റെ വിശദാംശങ്ങൾ | | |
| 1 | ക്യാഷ് നീക്കിയിരിപ്പ് | 153093 |
| 2 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് | 24339086 |
| 3 | ഷെഡ്യൂൾ B15 പ്രകാരം ലഭിക്കാനുള്ള തുകകൾ (സർക്കാർ Resume ചെയ്ത തുക ഉൾപ്പെടെ) | 26219763 |
| | ആകെ ലഭ്യമായ പണം | 50711942 |
| | പ്രത്യക്ഷത്തിലുള്ള കമ്മി | 5914135 |

പഞ്ചായത്തിന്റെ ധനസ്ഥിതി ആശാവഹമല്ലെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ തനതു വരുമാന സ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ, പുതിയ നികുതി സാദ്ധ്യതകൾ എന്നീ വിഷയങ്ങളിലേക്ക് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. അതോടൊപ്പം തന്നെ നിലവിലുള്ള ധനക്കമ്മി മറി കടക്കുന്നതു വരെ തനതു വരുമാനത്തിന്റെ മിതവ്യയം ഉറപ്പു വരുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറി മുൻകൈ എടുക്കേണ്ടതാണ്.

## 1-22 ധാതു ലവണ മിശ്രിതം , വിരമരുന്ന് എന്നിവ വാങ്ങിയത് -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

2022-23 വാർഷിക പദ്ധതി പ്രൊജക്ട് നം 389/23 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് എന്നിവ നൽകുന്നതിനായി 300000/- രൂപ (ട്രഷറി ബിൽ നം.22200252013801557139 തിയതി 29.03.2023) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ധാതുലവണ മിശ്രിതം , വിരമരുന്ന് എന്നിവ വാങ്ങിയിട്ടുള്ളത് കർണാടക സർക്കാർ സ്ഥാപനമായ കർണാടക ആന്റിബയോട്ടിക്സ് & ഫാർമസ്യൂട്ടിക്കൽസ് ബാംഗ്ലൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. സ.ഉ (സാധാ) നം.115/22 തസ്വഭവ തിയതി 28.5.2022 ഉത്തരവ് പ്രകാരം ധാതു ലവണ മിശ്രിതവും വിരമരുന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാമെന്നും, ഖ.32 പ്രകാരം വെറ്റിനറി മരുന്നുകൾ NACയുടെ അടിസ്ഥാനത്തിൽ നീതി, മാവേലി, സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാമെന്നും പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സർക്കാർ സ്ഥാപനം എന്ന നിലയിലാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ധാതുലവണ മിശ്രിതം വിരമരുന്ന് എന്നിവ വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 2(18) പ്രകാരം സർക്കാർ എന്ന വാക്കിന് നൽകിയിരിക്കുന്ന നിർവ്വചനം "കേരള സർക്കാർ" എന്നാണ്. മേൽ ഉത്തരവിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നു വാങ്ങണം എന്ന് പരാമർശിച്ചിട്ടുള്ളതു പ്രകാരം കേരള സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നോ ആയിരുന്നു പദ്ധതിപ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. ഭാവിയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പ്രകാരം വാങ്ങിയ ധാതുലവണ മിശ്രിതം, വിരമരുന്ന് എന്നിവ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിരുന്നില്ല. സ്റ്റോക്ക്/വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 3 / തിയതി 12-12-2023)

1-23 മുൻകൂർ തുക കൈപ്പറ്റി ഭവന പുനരുദ്ധരണം, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. .

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ഭവന പുനരുദ്ധരണം, നിർമ്മാണങ്ങൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താക്കൾ | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഉമ്മാലി ഉമ്മ<br>വാർഡ് നമ്പർ 17 | 50000 | 25000 |
| 2 | കുഞ്ഞീബി D/O അബ്ദുൾ ഖാദർ<br>കെ.കെ ഹൗസ് .കോയിപ്പാടി | 50000 | 25000 |
| 3 | ബഷീർ S/O അബ്ദുള്ള കൽപ്പന | 50000 | 25000 |
| 4 | ശാരദ പട്ടാളി W/O ശങ്കര പട്ടാളി<br>മുളിയഡുക്ക | 50000 | 25000 |
| 5 | പുഷ്പാവതി. W/O ദാമോദര | 50000 | 25000 |
| 6 | സുശീല. W/O ഗുറുവ ,കൊട്ടേകാർ | 50000 | 25000 |
| 7 | മുഹമ്മദ് കുഞ്ഞി റഹീഷ് മൻസിൽ<br>,കോയിപ്പാടി | 50000 | 25000 |

തുക കൈപ്പറ്റി ഭവന പുനരുദ്ധരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 കേരളോത്സവം നടത്തിപ്പ്- രേഖകൾ ലഭ്യമാക്കാത്തത്

നിർവഹണം - ഹെഡ്മാസ്റ്റർ , ഫണ്ട് – തനത് ഫണ്ട്

ചെലവ് - 1,49,707/- (Ch.No:2901577 / 16.03.2023)

2022-23 വർഷത്തെ കേരളോത്സവം പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ, സംഘാടകസമിതി അംഗങ്ങളുടെ വിവരങ്ങൾ, മിനിറ്റ്സ് ബുക്ക്, വരവ് ചെലവ് കണക്കുകളും അനുബന്ധ രേഖകളും, നോട്ടീസുകൾ, അറിയിപ്പുകൾ, മത്സരങ്ങളുടെ സമയക്രമം സംബന്ധിച്ച അറിയിപ്പുകളോ നോട്ടീസുകളോ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.മത്സര വിജയികൾക്കായി മെമെന്റോകളും, ട്രോഫികളും മറ്റും വാങ്ങുന്നതിനായി മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എല്ലാ ക്വട്ടേഷനുകളിലും ( 1) BRAND SPORTS,Seethngoly. 2) A J SPORTS, Bovikkanam. 3) UCL Sports, Manikkoth) ഒരേ കോൺടാക്ട് നമ്പറുകൾ തന്നെയാണ് (9846283606, 9895283606) ചേർത്ത് കാണുന്നത്. ഇത്തരം സാമഗ്രികൾ ലഭിക്കുന്നതും, ഇതിനുമാത്രമുള്ളതുമായ കടകൾ കാസറഗോഡ് ടൗണിൽ ഉണ്ടായിരുന്നെങ്കിലും, ഇവിടെ നിന്നും ഒരു ക്വട്ടേഷൻ പോലും ലഭിച്ചതായി കാണുന്നില്ല. ഇതിൽ 46,500/- രൂപ ക്വോട്ട് ചെയ്ത BRAND SPORTS എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.ഗെയിംസിനും മറ്റുമുള്ള കളിയുപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടില്ല (ചെലവ് 21,000/-). SPORTS WINNER, Hosangady എന്ന സ്ഥാപനത്തിന്റെ ബിൽ ഫയലിൽ ചേർത്തിട്ടുണ്ട്. ആതിനാൽ ഇവ ഈ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതാണെന്ന് അനുമാനിക്കുന്നു.പദ്ധതി നടത്തിപ്പിനായി വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്കിൽ ചേർത്തതിന്റെയോ,

ഇഷ്യൂ ചെയ്തതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

റിഫ്രഷ്മെൻറ് ചാർജ്ജമായി ബന്ധപ്പെട്ട് കായിക പരിപാടി ദിവസം (₹9,124/-, Dtd:13.11.2022), ഗെയിംസ് പരിപാടി ദിവസം (₹7,200/-, Dtd:12.11.2022) , കലാപരിപാടി (₹9,200/-, Dtd:11.12.2022) ദിവസങ്ങളിൽ യഥാക്രമം 100,90,80 പേർക്ക് ഭക്ഷണം നൽകിയതായി (Hotel Mubarak,Kumbla) കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ഇക്കാര്യങ്ങൾക്ക് വിശദീകരണം നൽകുന്നതിനും, സംഘാടകസമിതി അംഗങ്ങളുടെ വിവരങ്ങൾ, മിനിറ്റ്സ് ബുക്ക്, വരവ് ചെലവ് കണക്കുകളും അനുബന്ധ രേഖകളും, മത്സരങ്ങളുടെ സമയക്രമം സംബന്ധിച്ച അറിയിപ്പുകളോ നോട്ടീസുകളോ ലഭ്യമാക്കുന്നതിനും വിധേയമായി 1,49,707/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം . 21/ തിയതി 14.12.2023)

## 1-25 ബയോബിൻ വിതരണം ചെയ്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ബയോബിൻ പദ്ധതി, നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 184/2022-23 |
| പ്രൊജക്ട് | ബയോബിൻ വിതരണം |
| അടങ്കൽ തുക | 13,34,250രൂപ |
| ചെലവ് തുക | 13,34,250രൂപ |
| ബിൽ നമ്പർ/ തിയ്യതി | 13/2022-23 തിയ്യതി : 22.9.2022 |
| തുക | 13,34,250രൂപ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| സ്ഥാപനം | റെയ്ഡ്കോ |
| അക്കൗണ്ട് നമ്പർ | 30907888775 |

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ബയോബിൻ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം, അടങ്കൽ തുകയായ 14,67,675 രൂപയിൽ 13,34,250 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് തുകയും, 1,33,425 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ബയോബിന്നിന്റെ ആകെ തുകയായ 14,66,995 രൂപയിൽ ധനകാര്യ കമ്മീഷൻ തുകയായ 13,34,250 രൂപ മാത്രമാണ് റെയ്ഡ്കോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായ 1,33,425 രൂപ പിരിച്ചെടുത്തിന്റെ രേഖകളോ, റെയ്ഡ്കോയ്ക്ക് നൽകിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയിസ് നമ്പർ KSD/872/2021-22 തിയ്യതി 30.3.2022 പ്രകാരം 815 എണ്ണം ബയോബിൻ റെയ്ഡ്കോയിൽ നിന്നും മുൻകൂർ ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ ബയോബിന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും അവ ഗുണഭോക്താക്കൾ കൈപ്പറ്റിയ രേഖകൾ, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വിസിഷൻ നമ്പർ 2 തിയ്യതി 11.12.2023 ) ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ : 6/2022-23 തിയ്യതി 12.12.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല,അതിനാൽ ചെലവ് തുകയായ 13,34,250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ )

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് (മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 59 ഗുണഭോക്താക്കൾ വീട്

നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചവർക്ക് തുടർഗഡു തുക നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

യൂണിറ്റ് കോസ്റ്റ് -4,00,000

| ക്രമ നമ്പർ | ലൈഫ് ഭവന പദ്ധതി-ഗുണഭോക്താക്കൾ | എഗ്രിമെന്റ് തിയ്യതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ശങ്കപ്പ ആൾവ, കൊട്ടേകാർ | 25.9.2022 | 40,000 | തറ പ്രവ്യത്തി |
| 2 | ഖദീജ, പി.കെ .നഗർ | 1.10.2021 | 3,40,000 | മേൽക്കൂര |
| 3 | ഖദീജ, കല്ലട്ടി ഹൗസ്. | 3.3.2022 | 3,60,000 | മേൽക്കൂര |
| 4 | പ്രേമലത, ഉജാർ | 18.3.2023 | 2,00,000 | ലിന്റൽ |
| 5 | ശ്രീജ, ബീരാന്തിക്കര | 1.10.2021 | 3,60,000 | മേൽക്കൂര |
| 6 | നളിനി, ജോഡുഗോളി | 5.3.2022 | 3,62200 | മേൽക്കൂര |
| 7 | രമ, ബന്നംകുളം | 22.3.2022 | 3,60,000 | മേൽക്കൂര |
| 8 | സവിത, കൊട്ടേകാർ | 22.3.2022 | 3,60,000 | മേൽക്കൂര |
| 9 | ശോഭിത്, കുന്നര ഹൗസ്. | 22.3.2022 | 40,000 | പ്രവ്യത്തി ആരംഭിച്ചു. |
| 10 | ലളിത .ആരിക്കാടി.ഗുഡ്ഡെ | 22.3.2022 | 3,60,000 | മേൽക്കൂര |
| 11 | മഞ്ജുനാഥ .തിലക് നഗർ | 22.3.2022 | 3,00,000 | ലിന്റൽ |
| 12 | മല്ലിക, കുണ്ടങ്കാരഡുക്ക | 22.3.2022 | 3,600,00 | മേൽക്കൂര |
| 13 | ശകുന്തള, കജ്ജൂർ | 22.3.2022 | 3,00,000 | ലിന്റൽ |
| 14 | ഹരിചരൺ, ചെനക്കോട്. | 3.6.2022 | 3,00,000 | ലിന്റൽ |
| 15 | കമലാക്ഷ, ഇന്നുഗരി | 3.6.2022 | 3,60,000 | മേൽക്കൂര |
| 16 | ഗംഗാധര, ബംബ്രാണ | 3.6.2022 | 3,00,000 | ലിന്റൽ |
| 17 | സരിത, ബത്തേരി. | 28.2.2023 | 2,00,000 | ഭിത്തി |
| 18 | സുനിത, അന്തിത്തടുക്ക | 28.2.2023 | 2,00,000 | ലിന്റൽ |
| 19 | സുധ, പട്ട ഹൗസ്. | 28.2.2023 | 40,000 | തറ പ്രവ്യത്തി |
| 20 | മായ.ടി.വി, ശാന്തിപ്പള്ള | 28.2.2023 | 2,00,000 | ലിന്റൽ |
| 21 | സരിജ.എം.ജി, ആമെ കോളനി | 28.2.2023 | 2,00,000 | ലിന്റൽ |
| 22 | ആശ, ബീരാന്തിക്കര | 7.3.2023 | 2,00,000 | ലിന്റൽ |
| 23 | അനിത, രവീന്ദ്ര | 14.3.2023 | 3,00,000 | മേൽക്കൂര |
| 24 | അനിത.കമനബയൽ | 17.3.2023 | 40,000 | തറ പ്രവ്യത്തി |
| 25 | സുമതി, ദർബർകട്ടെ | 31.3.2023 | 2,00,000 | ലിന്റൽ |
| 26 | സൗധ.കോയിപ്പാടി കടപ്പുറം | 28.2.2023 | 3,00,000 | ലിന്റൽ പൂർത്തീകരിച്ചു |
| 27 | സരിത,കോയിപ്പാടി കടപ്പുറം | 28.2.2023 | 3,00,000 | മേൽക്കൂര |
| 28 | മാധവി.കെ ക, ബീർ എസ്.സി കോളനി | 4.3.2023 | 2,00,000 | ലിന്റൽ |

| | | | | |
|---|---|---|---|---|
| 29 | പാർവതി, ദർബർകട്ടെ | 4.3.2023 | 3,00,000 | ലിന്റൽ |
| 30 | സുനീത.കെ, കുണ്ടങ്കാരഡുക്ക | 4.3.2023 | 2,00,000 | ഭിത്തി പ്രവൃത്തി |
| 31 | വിജയലക്ഷ്മി,കടത്തിഗോളി | 4.3.2023 | 3,00,000 | മേൽക്കൂര |
| 32 | യമുന സീത, ഭാസ്കർ നഗർ | 4.3.2023 | 3,00,000 | ലിന്റൽ |
| 33 | ബിന്ദു.കെ, മാലി.ഹൗസ് | 4.3.2023 | 2,00,000 | ലിന്റൽ |
| 34 | ബീഫാത്തിമ,കോയിപ്പാടികോളനി | 7.3.2023 | 2,00,000 | ലിന്റൽ |
| 35 | സന്ധ്യ, കഞ്ചിക്കട്ട | 14.3.2023 | 2,00,000 | ലിന്റൽ |
| 36 | ഗോപിക, സൂസ ക്വാർട്ടേഴ്സ്. | 14.3.2023 | 2,00,000 | ലിന്റൽ |
| 37 | ഷക്കീല,അമ്പിലടുക്ക | 14.3.2023 | 2,00,000 | ലിന്റൽ |
| 38 | സുഗന്ധി, കുണ്ടങ്കാരഡുക്ക | 14.3.2023 | 2,00,000 | ലിന്റൽ |
| 39 | കമലം, പേരാൽ | 14.3.2023 | 3,00,000 | മേൽക്കൂര |
| 40 | ഉഷാകുമാരി സദാനന്ദ | 14.3.2023 | 3,00,000 | മേൽക്കൂര |
| 41 | വിനയലത, അമ്പിലടുക്ക | 14.3.2023 | 40,000 | തറ പ്രവൃത്തി |
| 42 | ലക്ഷ്മി, പേരാൽ | 14.3.2023 | 3,00,000 | മേൽക്കൂര |
| 43 | കൃപ.കെ, കുണ്ടങ്കാരഡുക്ക | 22.3.2023 | 2,00,000 | ഭിത്തി പ്രവൃത്തി |
| 44 | ലീലാവതി, ഉദെനൊട്ട്. | 22.3.2023 | 3,00,000 | മേൽക്കൂര |
| 45 | ശാന്തകുമാരി, ബായിക്കട്ട | 22.3.2023 | 3,00,000 | മേൽക്കൂര |
| 46 | ബീഫാത്തിമ, ആരിക്കാടി കടവത്ത് | 22.3.2023 | 2,00,000 | ലിന്റൽ |
| 47 | ആസിയ, കുന്നിൽ | 25.3.2023 | 2,00,000 | ഭിത്തി പ്രവൃത്തി |
| 48 | താഹിറ, കെ.കെ.പുറം | 25.3.2023 | 2,00,000 | ലിന്റൽ |
| 49 | ബുഷ്റ, കൊട്ടേകാർ | 25.3.2023 | 2,00,000 | ലിന്റൽ |
| 50 | പ്രമീള, ബദരിയ നഗർ | 28.2.2023 | 3,00,000 | മേൽക്കൂര |
| 51 | ദേവകി, ഷേഡിക്കാവ് | 29.3.2023 | 2,00,000 | ലിന്റൽ |
| 52 | നസീറ, മൈമൂൻ നഗർ | 29.3.2023 | 2,00,000 | ലിന്റൽ |
| 53 | നൂർജഹാൻ, ആരിക്കാടി കടവത്ത് | 29.3.2023 | 2,00,000 | ലിന്റൽ |
| 54 | സുജാത, തരിഗുഡ്ഡെ | 29.3.2023 | 40,000 | തറ പ്രവൃത്തി |
| 55 | മോഹിനി, കഞ്ചിക്കട്ട | 31.3.2023 | 2,00,000 | ലിന്റൽ |
| 56 | ചന്ദ്രാവതി,കുണ്ടങ്കാരഡുക്ക | 23.6.2023 | 40,000 | തറ പ്രവൃത്തി |
| 57 | ചന്ദ്രാവതി, തിലക് നഗർ | 31.3.2023 | 2,00,000 | ലിന്റൽ |
| 58 | സരസ്വതി, കോയിപ്പാടി കടപ്പുറം | 31.3.2023 | 3,00,000 | ലിന്റൽ |
| 59 | ഭാരതി, കുട്യാൻവളപ്പ് | 14.3.2023 | 3,00,000 | മേൽക്കൂര |

തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 കാർഷിക മേഖല പദ്ധതി നടത്തിപ്പ് പൊതു അപാകതകൾ

2022-23 വർഷത്തിൽ കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവഹണത്തിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന നടത്തിയതായോ, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ

ഉത്തരവാദിയായ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തുന്നില്ല. പദ്ധതി യഥാവിധം മോണിറ്ററിങ് നടത്തുന്നതായും കാണുന്നില്ല. (ഉദാ. തരിശ് ഭൂമി പച്ചക്കറി കൃഷി (200/23) , സ്ഥിരം നെൽ കൃഷിക്ക് ആനുകൂല്യം (215/23), തരിശ് ഭൂമി നെൽ കൃഷി (199/23)

2). ഞങ്ങളും കൃഷിയിലേയ്ക്ക് ഇടവിളകൃഷി (203/23) , പ്രകാരം വാഴ വിത്ത്, ഇഞ്ചി വിത്ത്, ചേന വിത്ത് എന്നീയിനങ്ങൾ വാങ്ങിയിട്ടുള്ളത് നീലേശ്വരം ഇക്കോ ഷോപ്പിൽ നിന്നുമാണ്. എന്നാൽ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നോ, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോ ആണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുന്ന നടീൽ വസ്തുക്കൾ വിതരണം ചെയ്യുക മാത്രമാണ് ഇക്കോ ഷോപ്പ്/ കൃഷി ഭവന്റെ ചുമതല. ഈ നിബന്ധന കൃത്യമായി പാലിക്കുന്നതിന് തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

3. വിളകളുടെ ഉൽപാദനം, വർദ്ധവ്, ഗുണനിലവാരം, എന്നിവ സംബന്ധിച്ച വിലയിരുത്തലുകളോ, അതിനനുസൃതമായി കൃഷി രീതികളിലോ, വളപ്രയോഗത്തിലോ അനുബന്ധമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബോധവൽക്കരണമോ നിരീക്ഷണമോ നടത്തുന്നില്ല.

### 1-28 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം- വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 54.91 ലക്ഷം രൂപ

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം അങ്കണവാടി പൂരക പോഷകാഹര കേന്ദ്ര വിഹിതം ഇനത്തിൽ 54.91 ലക്ഷം രൂപ 31.03.2023 ൽ ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി 31.65 ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെങ്കിലും 11.82 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3508467 | 3165638 | 6674105 | 1182647 | 5491458 |

ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സ്ഥിതി ചെയ്യുന്ന പൂരക പോഷകാഹര പദ്ധതി കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ല. പൂരക പോഷകാഹര പദ്ധതിയ്ക്കായി കേന്ദ്ര വിഹിതം ഇനത്തിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടേയും കൃത്യമായ കണക്ക് തയ്യാറാക്കി പ്രസ്തുത കാലയളവിൽ ആനുപാതികമായി കേന്ദ്രവിഹിതം വിനിയോഗിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയത് ക്രമീകരിക്കുന്നതിനായി തുടർ വർഷങ്ങളിൽ വാർഷിക പദ്ധതി അടങ്കലിൽ കേന്ദ്ര വിഹിതം ഫണ്ട് ആനുപാതിക വർദ്ധനവ് വരുത്തി വകയിരുത്തുവാനും നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കുവാനും ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-29 കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവ്യത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 341/22 & 144/23 (കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ) |

കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവ്യത്തിയിൽ കരിങ്കല്ല് ഉപയോഗിച്ച്

സംരക്ഷണ ഭിത്തി കെട്ടുന്ന ഇനം (Dry Rubble Masonry-Random Rubble Masonry With Hard Stone) പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 91,610/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് അളവ് മൂല്യം കണക്കാക്കിയ പ്രവൃത്തിയിലെ 1, 2, 4, 5 എന്നീയിനങ്ങൾക്ക് സമാനമായ ഇനങ്ങൾ DSR-2016 With Cost Index 32.04% അടിസ്ഥാനമാക്കി അളവ് മൂല്യം കണക്കാക്കേണ്ടതും അധികം തുക നൽകിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കേണ്ടതുമാണ്. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 3,90,495/- രൂപയിൽ മേൽ വിവരിച്ച പ്രകാരം നിരാകരിച്ച 91,610/- രൂപ കിഴിച്ചുള്ള 2,98,885/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 15 തീ: 13.12.2023).

1-30 കുമ്പള ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കൽ- നിർവ്വഹണ ഏജൻസിക്ക് നൽകിയ പാർട്ട് ബില്ലിൽനിന്നും ടെണ്ടർ കിഴിവ്, ആദായ നികുതി, ജി.എസ്. ടി എന്നിവ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. എസ് 118/23 (കുമ്പള ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കൺസൾട്ടൻസി)

അടങ്കൽ : 5,00,000/-രൂപ തനത് ഫണ്ട്.

കുമ്പള ടൗൺ ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് CMP Architects Engineers & Planners, Kozhikode എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്. പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് CMP Architects Engineers & Planners, Kozhikode അടങ്കൽ തുകയുടെ 26.61% കുറഞ്ഞ നിരക്കിലാണ് ക്വോട്ട് ചെയ്തത്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് CMP Architects Engineers & Planners, Kozhikode 02.03.2023ന് Invoice No. 007/2020-21 പ്രകാരം 2,63,022/- രൂപയുടെ പാർട്ട് ബില്ല് സമർപ്പിച്ചിട്ടുണ്ട്. പാർട്ട് ബില്ല് പ്രകാരം മേൽ സ്ഥാപനം തുക ഡിമാന്റ് ചെയ്തത് ചുവടെ പരാമർശിക്കുന്ന വിധമാണ്.

| Description Of Work | Amount |
|---|---|
| Part Bill 1 {60% Of The Total Amount To Be Paid (74.3% Of 5 Lakhs) | 222900 |
| (+) SGST @ 9% | 20061 |
| (+) CGST @ 9% | 20061 |
| Total | 263022 |

മേൽ ഇൻവോയിസ് പ്രകാരമുള്ള പാർട്ട് ബില്ലിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം 8356877/24.03.2023 പ്രകാരം 2,63,022/- രൂപ CMP Architects Engineers & Planners, Kozhikode-ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 27 തിയതി 14.12.2023 മുഖാന്തിരം ചുവടെ പരാമർശിക്കുന്ന കാര്യങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറോട് വിശദീകരണം ചോദിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1). പാർട്ട് ബില്ലിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിന് 2,63,022/- രൂപ നൽകിയപ്പോൾ 26.61% ടെണ്ടർ കുറവ് നടത്തിയതിന്റെ വിശദാംശങ്ങൾ.

2). ആദായ നികുതി നിയമം സെക്ഷൻ 194 Jപ്രകാരം ടെക്നിക്കൽ സർവീസ് ഇനത്തിൽ നൽകുന്ന തുകയ്ക്ക് 2% നികുതി സ്രോതസിൽനിന്നും ഈടാക്കണം. എന്നാൽ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 2% ഈടാക്കാതെയാണ് മേൽ സ്ഥാപനത്തിന് തുക നൽകിയത്. ആയതിനാൽ 4458/-രൂപ ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

3). പാർട്ട് ബില്ലിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിന് 2,63,022/- രൂപ നൽകിയപ്പോൾ 18% തുക ജി.എസ്. ടി ആയി അനുവദിച്ചിട്ടുണ്ട്. എന്നാൽ 2% ജി.എസ്. ടി ആയി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ആയതിനാൽ 2229/-രൂപ എസ്.ജി.എസ്.ടി ആയും 2229/-രൂപ സി.ജി.എസ്.ടി ആയും ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം 1, 2, 3 എന്നിവയിൽ പരാമർശിച്ച കാര്യങ്ങളിൽ വിശദീകരണം നൽകാത്തതിനാൽ 2,63,022/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 26.61% ടെണ്ടർ കിഴിവ് നടത്താതെയാണ് പാർട്ട് ബിൽ പ്രകാരം CMP Architects Engineers & Planners, Kozhikode-ന് തുക അനുവദിച്ചതെങ്കിൽ 59,314/- രൂപ സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. കൂടാതെ 59,314/- രൂപയുടെ 18% തുകയായ 10,677/-രൂപയും ജി.എസ്. ടി ആയി അധികം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ CMP Architects Engineers & Planners, Kozhikode-ന് അടുത്ത ബിൽ പ്രകാരം തുക അനുവദിക്കുമ്പോൾ 26.61% ടെണ്ടർ കിഴിവ് നടത്തി, പാർട്ട് ബിൽ പ്രകാരം നൽകിയ തുക, സ്രോതസിൽനിന്നും ഈടാക്കേണ്ടുന്ന ആദായ നികുതി, ജി.എസ്. ടി എന്നിവ കുറവ് ചെയ്തു മാത്രമേ തുക അനുവദിക്കാവൂ. ആയതിനു വിരുദ്ധമായി അധികം തുക നൽകിയാൽ അത് ഉത്തരവാദികളായവരുടെ ബാധ്യതയായി നിജപ്പെടുത്തി തുടർനടികൾ സ്വീകരിക്കുന്നതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം, 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടില്ല. അതുപോലെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങൾക്ക് 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ടിയിരുന്ന തുക (₹) | ജി.എസ്.ടി. (2%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|---|
| 1 | ബംബ്രാണ-നാടത്തോട് തോട് ഇംപ്രുവ് മെന്റ് (വർക്ക് കോഡ് 1601003004/IC/362125) | 0121EATPAYREQ 2009202216809 തീ: 23.3.2023 | ₹ 39,200/= | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ | 784 | --- |
| | | 0121EATPAYREQ 2009202216810 തീ: 23.3.2023 | ₹ 1,02,900/= | മാനേജിംഗ് ഡയറക്ടർ ,കേരള സ്റ്റേറ്റ് കോർപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ലിമിറ്റഡ്. | 2058 | ------ |
| 2 | അനന്തപുരം ക്രോസ് റോഡ് കോൺക്രീറ്റ് (വർക്ക് കോഡ് 1601003004/RC/352746) | 0121EATPAYREQ 200720221690 തീ: 5.9.2022<br>0121EATPAYREQ 200720221691 തീ: 23.3.2023 | ₹ 3,72,600 (191693+180907) | അബ്ദുള്ള.ബി. | 3726 | 7452 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ബദരിയ നഗർ-ബടമ്പാടി റോഡ് കോൺക്രീറ്റ് (വർക്ക് കോഡ് 1601003004/RC/350574) | 0121EATPAYREQ 1607202216481 തീ: 25.8.2022<br>0121EATPAYREQ 1607202216482 തീ: 25.8.2022 | ₹ 3,70,465 (175891+194574) | മുഹമ്മദ്.എ.എം | 3705 | 7410 |
| 4 | ജി.ഡബ്ല്യൂ.എൽ പി.സ്കൂൾ ഉജാർ-ഉളുവാർ റോഡ് ഡ്രൈനേജ് (വർക്ക് കോഡ് 1601003004/FP/357092) | 0121EATPAYREQ 2008202216245 തീ: 25.8.2022<br>0121EATPAYREQ 2008202216246തീ: 25.8.2022 | ₹ 3,28,430 (151528+176902) | അസറുദ്ദീൻ. ഇ.എ. | 3284 | 6568 |
| 5 | ഉളുവാർ സ്കൂൾ-ഉളുവാർ റിവർ ഫുട്പാത്ത് ഫോർമേഷൻ (വർക്ക് കോഡ് 1601003004/RC/310444) | 0121EATPAYREQ 0707202216741 തീ: 14.7.2022<br>0121EATPAYREQ 2008202216242തീ: 25.8.2022 | ₹ 3,29,427 (161379+168048) | അസറുദ്ദീൻ. ഇ.എ. | 3294 | 6588 |
| ആകെ | | | | | 16,851 | 28,018 |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം: 18/2022-23തീയതി 14.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ആദായ നികുതി,ജി.എസ്.ടി എന്നിവ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-32 ബാങ്ക് റീകൺസിലിയേഷൻ-അക്കൗണ്ടിൽ ക്രെഡിറ്റാകാത്ത തുകകൾ- അക്കൗണ്ടിംഗ് വിഭാഗം തുടർ നടപടി സ്വീകരിച്ചിട്ടില്ല-

കുമ്പള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഇടപാടുകൾ നടത്തുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിന്റെ (A/C.No.40517101045888) 2022-23 വർഷത്തെ വർഷാന്ത്യ റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസും, പാസ്ബുക്ക് ബാലൻസും പൊരുത്തപ്പെടുത്തുന്നതിനായി Cheque Deposited But Not Credited എന്നയിനത്തിൽ വിവിധ ചെക്കുകൾ പ്രകാരം ചേർത്തിട്ടുള്ള 5,21,752/-രൂപയിൽ 4,13,047/-രൂപയും, മണൽ വരവ് ഇടപാടുകൾ നടത്തുന്ന എസ്.ബി.ഐ A/C.No. 33460635238 (Sand) ന്റെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ മേൽ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 7000/-രൂപയും മാറിയെടുക്കാവുന്ന കാല പരിധി കഴിഞ്ഞ തുകകളാണ്. വർഷങ്ങൾ പഴക്കമുള്ള തുകകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ - 2011 , ചട്ടം -22 പ്രകാരം നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ചെക്ക് നല്കിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പടെയുള്ള തുക തിരികെ ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ യഥാസമയം അക്കൗണ്ടുകളിൽ ക്രെഡിറ്റാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും, ഇക്കാര്യത്തിൽ തകരാറ് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം സെക്രട്ടറിയെ ധരിപ്പിക്കേണ്ട ചുമതലയും അക്കൗണ്ടന്റിനുണ്ട് (ചട്ടം 26 (3)). എന്നാൽ ബന്ധപ്പെട്ടവർ ഇത്തരത്തിൽ യഥാസമയം നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Credited എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാലപരിധി കഴിഞ്ഞ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുകകൾ ഏതിനത്തിലുള്ള വരവാണെന്ന് പരിശോധിച്ച്, ചെക്ക് നല്കിയവർക്ക് അറിയിപ്പ് നല്കി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാനും, പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെയ്ക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇതുമൂലമുള്ള നഷ്ടത്തിന് ഉത്തരവാദികളായിരിക്കും

| | ബാങ്ക് അക്കൗണ്ട്.നം | ഇൻസ്ട്രുമെന്റ് നം | തിയതി | തുക |
|---|---|---|---|---|
| 1 | 40517101045888 കേരള ഗ്രാമീണ് ബാങ്ക് തനത് ഫണ്ട്. | 4549116 | 10.02.2022 | 2500 |
| | | 125091 | 26.10.2021 | 4286 |
| | | 022335 | 19.02.2022 | 1250 |
| | | 7142359 | 16.08.2021 | 7500 |
| | | 022335 | 19.02.2022 | 2000 |
| | | 128816 | 09.11.2021 | 9530 |
| | | 740187 | 09.11.2021 | 2431 |
| | | 8738917 | 25.09.2021 | 38250 |
| | | 9979 | 01.06.2022 | 50501 |
| | | 7285696 | 30.04.2022 | 3250 |
| | | 0569537 | 22.03.2022 | 49500 |
| | | 0569536 | 16.02.2021 | 49750 |
| | | 7142357 | 12.03.2022 | 11250 |
| | | 7122894 | 22.03.2022 | 2500 |
| | | 5831993 | 25.03.2022 | 14350 |
| | | 7077227 | 17.09.2018 | 11000 |
| | | 123456 | 12.02.2020 | 13750 |
| | | 125432 | 25.09.2020 | 2500 |
| | | 7077232 | 20.02.2021 | 10000 |
| | | 123456 | 12.02.2020 | 46250 |
| | | 4549114 | 18.02.2021 | 2500 |
| | | 5452776 | 20.02.2021 | 7000 |
| | | 7122893 | 24.02.2021 | 2500 |
| | | 1773693 | 20.02.2021 | 7500 |
| | | 7285694 | 28.05.2020 | 4680 |
| | | 021441 | 26.08.2021 | 3500 |
| | | 125088 | 28.09.2021 | 4709 |
| | | 024499 | 23.08.2022 | 2500 |
| | | 671480053 | 27.12.2021 | 3250 |
| | | 7077235 | 08.02.2022 | 7500 |
| | | 1788876 | 08.02.2022 | 20000 |
| | | 671012013 | 11.02.2022 | 15060 |
| 2 | 33460635238 SBI- Sand | 5452771 | 04.02.2019 | 6250 |
| | | 5452772 | 11.02.2019 | 750 |
| | | | ആകെ | 420047 |

ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി , ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുത്തിയിട്ടുള്ളത്, ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 നികുതി പിരിവ് ലക്ഷ്യം കൈവരിച്ചില്ല- വികസന ഫണ്ടിൽ നിന്നും 5.15 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം തനത് നികുതി പിരിവിൽ 90% ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ വികസന ഫണ്ട് ജനറൽ ബജറ്റ് വിഹിതത്തിൽ നിന്നും 1% കുറവ് വരുത്തുവാൻ സ.ഉ (എം.എസ്) നം.79/22 ധന. തി. 18/10/2022 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം 2021-22 വർഷം നികുതി പിരിവ് ലക്ഷ്യം കൈവരിക്കാതിരുന്നതിനാൽ 2022-23 വർഷം ഗ്രാമ പഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് പൊതുവിഭാഗം മൂന്നാം ഗഡു ബജറ്റ് വിഹിതത്തിൽ നിന്നും 5,15,940/-രൂപ സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. (സ.ഉ (സാധ) നം.10.49/23തി.13.02.2023) ഗ്രാമ പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഗ്രാമ പഞ്ചായത്ത് അധികൃതരുടെ അനാസ്ഥ മൂലം നഷ്ടപ്പെട്ടത്. തനത് നികുതി നികുതിയേതര വരവുകൾ യഥാസമയം പിരിച്ചെടുക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-34 PMC വഴി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ PMC ((Project Management Consultancy) വഴി നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ഈ പദ്ധതികളുടെ PMC (Project Management Consultancy) യായി SILK (Steel Industrials Kerala Limited,Thrissur) നെയാണ് നിയമിച്ചിട്ടുള്ളത്. SILK നടപ്പിലാക്കിയ പദ്ധതികളുടെ പേര് ചുവടെ ചേർക്കുന്നു. എല്ലാ പ്രവൃത്തികൾക്കും തനത് ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്.

1. വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ജംഗ്ഷൻ ലൈറ്റ് സ്ഥാപിക്കൽ (113/23)
2. മിനി മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (104/23)
3. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ എൽഇഡി ലൈറ്റ് സ്ഥാപിക്കൽ (103/23)
4. കക്കളം കുന്ന് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (92/23)
5. ഉളുവാർ - സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ (107/23)
6. എൽഇഡി തെരുവ് വിളക്ക് സ്ഥാപിക്കൽ - ഉളുവാർ (105/23)
7. കോയിപ്പാടി കടപ്പുറം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (111/23 )
8. 19-ാം വാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (112 /23)

ഇതിൽ ക്രമ നം. 01 , 02 എന്നിവ SILK നേരിട്ട് നിർവഹണം നടത്തിയ പദ്ധതികളാണ്. ബാക്കിയുള്ളവ കരാറുകാരൻ വഴിയാണ് (M/s. Mohammed Faisal K, FAB Associates, LandMark Centre, New Bus Stand, Kasaragod (Contractor)) നടപ്പിലാക്കിയത്. ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് (28.06.2017 -ലെ ജിഎസ്.ടി നോട്ടിഫിക്കേഷൻ നം 12/2017-ലെ ക്രമ നം 3 പ്രകാരം ഭരണഘടനയിലെ ആർട്ടിക്കിൾ 243 ജി , 28.04.2021-ലെ ജി.ഒ.(പി) നം 67/2021/ഫിൻ ഉത്തരവ്എന്നിവ പ്രകാരം) വിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖ.3-2 ൽ ചേർത്തിട്ടുണ്ട്.

എ) സെന്റേജ് ചാർജ്ജിന് ജി.എസ്.ടി അനുവദിച്ചത്

ബി). PMC ലഭിച്ച സ്ഥാപനം നേരിട്ട് നിർവഹണം നടത്തിയ പദ്ധതികളിൽ ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കിയത്

സി). സൂപ്പർവിഷൻ ചാർജ്ജ് PMC കരാർ ലഭിച്ച സ്ഥാപനം ഒടുക്ക് വരുത്താത്തത്

ഡി). PMC ലഭിച്ച സ്ഥാപനം ബന്ധപ്പെട്ട പ്രവൃത്തികളുടെ TS (Technical Sanction), M Book (Measurement Book) മുതലായവ ലഭ്യമാക്കാത്തതും മറ്റ് അപാകതകളും

പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

1) 28.04.2021-ലെ ജി.ഒ.(പി) നം 67/2021/ഫിൻ ഉത്തരവിലെ ഖണ്ഡിക 9.2 പ്രകാരം ക്ഷമതയുള്ള അധികാരിയിൽ നിന്നുമുള്ള സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണ്. PMC (Project Management Consultancy) യായി SILK (Steel Industrials Kerala Limited ,Thrissur) നെ നിയമിച്ചിട്ടുള്ള പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട ഫയലുകളിൽ TS (Technical Sanction) ന്റെ വിവരങ്ങൾ (PRICE Software ൽ തയ്യാറാക്കിയത്) ലഭ്യമല്ല.

2) മേൽ ഉത്തരവിലെ ഖണ്ഡിക 10.1 പ്രകാരം PMC യായി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്, പത്ര പരസ്യം മുഖേനയോ, ഇ-ടെണ്ടർ പോർട്ടൽ മുഖേനയോ, നിയമാനുസൃത നടപടിക്രമങ്ങളിലൂടെ യോഗ്യരായ കരാറുകാരെ തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ലായിരുന്നു. ആയതിനാൽ നിയോഗിക്കപ്പെട്ട കരാറുകാരന് ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിൽ വൈദഗ്ധ്യവും ലൈസൻസും കരഗതമാണോ എന്നതും പരിശോധിക്കുവാൻ സാധിച്ചില്ല.

3) ഉത്തരവിലെ ഖണ്ഡിക 12.1 പ്രകാരം, തെരഞ്ഞെടുക്കപ്പെട്ട PMC, കേരള PWD Manual (2012) പ്രകാരമുള്ള സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ പദ്ധതിയുടെ ഫയലിൽ ഇത്തരം രേഖകളോ, മെഷർമെന്റ് ബുക്കോ (അളവ് പുസ്തകം) ലഭ്യമാക്കിയിട്ടില്ല.

ഇവയോടൊപ്പം മേൽ ഉപഖണ്ഡികകളിൽ ചേർത്തിട്ടുള്ള അപാകതകളും പരിഹരിക്കുന്നതിന് വിധേയമായി പദ്ധതികൾക്ക് വിനിയോഗിച്ച തുക 49,39,847/- തടസ്സപ്പെടുത്തുന്നു (പദ്ധതികളുടെ ആകെ ചെലവിൽ നിന്നും ഖ.3-2 ൽ പരാമർശിച്ചിട്ടുള്ള തുക കുറച്ചതിനുശേഷം ബാക്കിയുള്ള തുക). (ഓഡിറ്റ് എൻക്വയറി നം.12/13.12.2023)

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവ് തുക, ചെക്ക് നം | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| 1 | വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ജംഗ്ഷൻ ലൈറ്റ് സ്ഥാപിക്കൽ (113/23) | 9,60,000/-<br>617058 /15.10.2022 | 8,71,818 |
| 2 | മിനി മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (104/23) | 8,19,750/-<br>2901585/29.03.2023 | 8,19,750 |
| 3 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ എൽഇഡി ലൈറ്റ് സ്ഥാപിക്കൽ (103/23) | 24,97,656/-<br>2901569/ 04.01.2023 | 24,69,434 |
| 4 | കക്കളം കുന്ന് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (92/23) | 97,791/-<br>2901586/ 29.03.2023 | 96,686 |
| 5 | ഉള്ളുവാർ - സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ (107/23) | 48,297/-<br>2901586/ 29.03.2023 | 47,746 |
| 6 | എൽഇഡി തെരുവ് വിളക്ക് സ്ഥാപിക്കൽ | 1,96,639/- | 1,94,417 |

| | | | |
|---|---|---|---|
| | - ഉളുവാർ (105/23) | 2901565/ 03.12.2022 | |
| 7 | കോയിപ്പാടി കടപ്പുറം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (111/23 ) | 2,96,683/- 2901586/ 29.03.2023 | 2,93,331 |
| 8 | 19-ാം വാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (112 /23) | 1,48,341/- 2901586/ 29.03.2023 | 1,46,665 |
| | ആകെ | | 49,39,847 |

## 1-35 KSEB യിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ - സൂപ്പർവിഷൻ ചാർജ്ജിന് GST ഈടാക്കിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

28.06.2017 -ലെ ജിഎസ്.ടി നോട്ടിഫിക്കേഷൻ നം 12/2017-ലെ ക്രമ നം 3 പ്രകാരം ഭരണഘടനയിലെ ആർട്ടിക്കിൾ 243 ജി അനുസരിച്ച് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിരിക്കുന്ന പ്രവത്തനങ്ങളെ ജി.എസ്.ടിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (Sl No.3 Of Notification No.12/2017-Central Tax (Rate)- “Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Governmental Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution”).

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തുങ്ങിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട്, KSEB സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ എസ്റ്റിമേറ്റുകളിൽ, ഒരു പ്രവൃത്തിക്ക് സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിൽ, സൂപ്പർ വിഷൻ ചാർജ്ജിന് 18% നിരക്കിൽ GST ഈടാക്കിയതായി കാണാം. മറ്റ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ 18% നിരക്കിൽ GST ഈടാക്കിയതായി ചേർത്തിട്ടുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ (Split Up) ലഭ്യമല്ല.

| ക്രമ നം | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് @ | തുക,ചെക്ക് നം, ബിൽ റഫറൻസ് നം. | GST On Super-Vision Charge |
|---|---|---|---|---|
| 1 | 19-ാംവാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും കണ്ട്രോൾ പാനൽ സ്ഥാപിക്കലും (108 /23 ) (Fund – DF Gen) | KSEB,കുമ്പള സെക്ഷൻ | 1,97,781/- 22200252000900813392/22.11.22 | 858.81 le; 859/- |
| 2 | ഉളുവാർ സ്ട്രീറ്റ് ലൈൻ വലിക്കൽ (380 /23 ) (Fund – DF Gen) | KSEB,കുമ്പള സെക്ഷൻ | 1,98,059/- 22200252000901516961/22.11.22 | --- |
| 3 | കുമ്പള ഗ്രാമപഞ്ചായത്തിലെ 2, 3, 4, 7, 10 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ ( 109/ 23 ) (Fund – CFC) | KSEB,സീതാംഗോളി സെക്ഷൻ | 2,98,741/- XVFC/22-23/P/5 Dt.07/01/2023 | --- |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (1, 2, 3, 4 വാർഡുകളിൽ ) - (443 / 23 ) (Fund – Own Fund) | KSEB,കുമ്പള സെക്ഷൻ | 1,00,000/- 10879/30.03.23 | --- |
| 5 | നാരായണമംഗലം ഉജിരക്കരെ ശ്മശാനത്തിന് ഇലക്ട്രിക് | KSEB,കുമ്പള സെക്ഷൻ | 36,470/- 11014/27.02.23 | --- |

| | | | | |
|---|---|---|---|---|
| | പോസ്റ്റും ലൈനും വലിക്കൽ (289/ 23 ) (Fund – Own Fund) | | | |
| | ആകെ | | 8,31,051 | |

ആയതിനാൽ മേൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ച് സൂപ്പർ വിഷൻ ചാർജ്ജിന് GST ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ച് വിവരം നൽകേണ്ടതാണ്. കൂടാതെ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് നൽകേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി 8,31,051 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.12/13.12.2023)

1-36 തെരുവുവിളക്ക് റിപ്പയർ (106/ 23) - അപാകതകൾ

ഫണ്ട് – തനത് ഫണ്ട്

സെക്രട്ടറി നിർവഹണം ചെയ്യുന്നതും, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ തെരുവ് വിളക്കുകൾ നന്നാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ക്ലിയർ ലൈറ്റ് എന്ന സ്ഥാപനത്തിനാണ് പദ്ധതിയുടെ ക്വട്ടേഷൻ ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റിപ്പയർ ചെയ്യുന്നതിനുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

2. 333 ലൈറ്റുകൾ റിപ്പയർ ചെയ്തു എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നൂറ് ലൈറ്റുകളുടെ ബില്ല് മാത്രമേ ഫയലിൽ ലഭ്യമുള്ളൂ.

3. മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ നന്നാക്കിയ ലൈറ്റുകളുടെ ലൊക്കേഷൻ / പോസ്റ്റ് നമ്പർ സൂചിപ്പിക്കുന്നില്ല

4. പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ നിലവിലില്ല

5. ഇൻസ്റ്റാൾ ചെയ്ത ലൈറ്റുകളുടെ പ്രവർത്തനക്ഷമത സംബന്ധിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് നൽകിയിട്ടില്ല

മേൽപറഞ്ഞ വസ്തുതകൾക്ക് വിശദീകരണം നൽകുന്നതിന് വിധേയമായി 3,99,600 യുടെ ചെലവ് (ചെക്ക് നം: 2901586/ 29.03.2023) തടസപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.12,14/13.12.2023)

1-37 കുണ്ടങ്കാറടുക്ക എസ് സി കോളനി പൈപ്പ് ലൈൻ നീട്ടൽ (91/23 )-വിശദാംശങ്ങൾ നൽകേണ്ടതാണ്

നിർവഹണം - സെക്രട്ടറി, (Own Fund)

കുടിവെള്ളപദ്ധതിക്കായി 2018-19 വർഷത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂജല വകുപ്പിൽ തുക അടച്ചിരുന്നതായാണ് ഫയലിൽ നിന്നും അറിയുവാൻ കഴിഞ്ഞത്.എന്നാൽ ഈ പ്രവൃത്തിയുടെ 2018-19 വർഷത്തെ എസ്റ്റിമേറ്റ്, ഈ പ്രവൃത്തി പൂർത്തീകരിച്ചത് എന്നാണ് തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ 2018-19 വർഷത്തെ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായതുകൊണ്ടാണോ , പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കൂടിയത് കൊണ്ടാണോ പുതിയ പദ്ധതി (ലൈൻ എക്സ്റ്റൻഷൻ) തയ്യാറാക്കേണ്ടി വന്നത് എന്ന് വ്യക്തമല്ല. കൂടാതെ ഇത് സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് വിധേയമായി ഭൂജല വകുപ്പ് ജില്ലാ ഓഫീസ് കാസർഗോഡ് -ൽ നിക്ഷേപിച്ച 1,47,388 രൂപയുടെ ചെലവ് (ചെക്ക് നം: 290156/30. 11.2022) തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.12/13.12.2023)

1-38 കുടിവെള്ള കരം പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ചോർത്തുന്നു.

വാട്ടർ അതോറിറ്റിയുടെ മാർച്ച് 2022 ലെ ഡിമാൻഡ് നോട്ടീസ് /ബിൽ നം: 61547/14.03.2022 പ്രകാരം പഞ്ചായത്തിൽ 186 സ്ട്രീറ്റ് ടാപ്പുകൾ ആണുള്ളത്. 5512.5 രൂപ നിരക്കിൽ, ഒരു മാസത്തെ വെള്ളക്കരം 85,452 രൂപയാണ്. മേലെ സൂചിപ്പിച്ച ബിൽ പ്രകാരം മാർച്ച് 2022 ലെ വെള്ളക്കര കുടിശ്ശിക 1,32,92,305 രൂപയും ഫൈൻ 2,60,732 രൂപയുമാണ്. ഈ കരവും കുടിശ്ശികയും,ഫൈനും വർദ്ധിച്ച്, 28.02.23 പ്രകാരം കുടിശ്ശിക 1,66,65,998 രൂപയും , ഫൈൻ 3,26,908 രൂപയുമായി മാറുകയുണ്ടായി. 2023 ഫെബ്രുവരി മുതൽ വെള്ളക്കരം ഏകദേശം മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. നിലവിൽ ഒരു ടാപ്പിന് 14559.12 രൂപയാണ് നിരക്ക്. ഒരു മാസത്തേക്കുള്ള ഡിമാൻഡ് 2,25,665 രൂപയാണ്(ബിൽ നം: 71516/ 13.02.2023). ഒരു വർഷം ഏകദേശം 27 ലക്ഷത്തോളം രൂപയാണ് വെള്ളക്കരം. കൂടാതെ കുടിശ്ശികയും ഫൈനും നാൾക്കുനാൾ കൂടുകയും ചെയ്യുന്നു. ഇത്രയും രൂക്ഷമായ സാഹചര്യമായിട്ടുപോലും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മാത്രമല്ല ഇത്രയും വലിയ കുടിശിക വരുവാൻ ഉണ്ടായ സാഹചര്യം ഇതുവരെയും പരിശോധിച്ചിട്ടില്ല.തൻവർഷം വെള്ളക്കരം കുടിശ്ശിക തീർക്കുന്നതിനായി സി എഫ് സി ഫണ്ടിൽ നിന്നും 54,83,900 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ജനങ്ങളുടെയും ജീവനക്കാരുടെയും ക്ഷേമത്തിനും വിനിയോഗിക്കേണ്ട തുക, പാഴാക്കി കളയാതിരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച നിരീക്ഷണം

2022-23 വർഷത്തിൽ പഞ്ചായത്തിൽ 74 ഇടങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും 1013 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും 333 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തികൾക്കായി 54,64,757/- രൂപ ചെലവഴിച്ചിട്ടുമുണ്ട്.എന്നാൽ സ്ട്രീറ്റ് ലൈറ്റുകളുടെ ഡേറ്റ ശേഖരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കുകയോ അതിനുള്ള പ്രവർത്തികൾ തുടങ്ങുകയോ ചെയ്തിട്ടില്ല.

എല്ലാവർഷവും പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകളുടെ റിപ്പയർ, സ്ഥാപിക്കൽ തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രവർത്തികൾ ഏതെല്ലാം ലൊക്കേഷനുകളിൽ അല്ലെങ്കിൽ ഏതെല്ലാം പോസ്റ്റുകളിലാണ് ചെയ്തത് എന്നത് സംബന്ധിച്ച ഒരു വിശദാംശവും പഞ്ചായത്തിലില്ല. അതിനാൽ സ്ഥാപിച്ച/റിപ്പയർ നടത്തിയ സ്ട്രീറ്റ് ലൈറ്റുകളുടെ ഗ്യാരണ്ടി/ വാറണ്ടിയും ഒന്നും കൃത്യമായി നിർണയിക്കപ്പെടാനും യഥാവിധം തുടർസേവനം ലഭ്യമാക്കുന്നതിനും സാധിക്കുന്നില്ല.

സ്ട്രീറ്റ് ലൈറ്റ് ചാർജ് ആയി 2023 ജനവരി മാസം കെഎസ്ഇബി കുമ്പള സെക്ഷനിൽ അടച്ച തുക 2,01,179 രൂപയാണ്.സ്ട്രീറ്റ് ലൈറ്റുകളുടെ അമിതമായ ഉപയോഗം പ്രകാശമലനീകരണത്തിന് ഇടയാക്കുന്നതാണ്. ഇത് പ്രകൃതിയുടെയും മനുഷ്യന്റെയും ജീവിതതാളത്തിന് ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. ആയതിനാൽ അനിവാര്യമായ മേഖലയിലെ ഇടപെടലുകൾ അമിതമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-40 തനത്ഫണ്ട് ചെലവുകൾ - വിനിയോഗവിവരം ലഭ്യമല്ല

പദ്ധതിയിതര ചെലവുകൾ ( നിർവഹണം – സെക്രട്ടറി)

തൻവർഷം തനത്ഫണ്ടിൽ നിന്നും വിനിയോഗിച്ച ഏതാനും ചെലവുകളുടെ വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) ഫീസിബിലിറ്റി ചാർജ്ജ്- ജില്ലാ ഗ്രൗണ്ട് വാട്ടർ ഓഫീസിൽ അടച്ചത്

| ക്രമ നം | ചെക്ക് നം | തുക |
|---|---|---|
| 1 | 610057/15.10.2022 | 36,830 |
| 2 | 6933 / 05.11.2022 | 3,870 |
| 3 | 2901559 / 10.11.22 | 12,751 |
| | ആകെ | 53,451 |

ബന്ധപ്പെട്ട ഫീസിബിലിറ്റി റിപ്പോർട്ട് , പദ്ധതി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് വിധേയമായി ₹ 53,451 /- ചെലവ് തടസ്സപ്പെടുത്തുന്നു.

2)വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

I) ബധിര കായികമേളക്ക് അനുവദിച്ച തുക- 2022 നവംബർ 11 മുതൽ -13 വരെ കാസറഗോഡ് നടന്ന 26-ാമത് സംസ്ഥാന ബധിര കായികമേളക്ക്, സർക്കാർ നിർദ്ദേശ പ്രകാരം (ഉ.നം.2058/2022 /LSGD/23.08.2022) ,₹ 10000 /- ( Ch.No:10700 / 02.12.2022) പ്രകാരം സംഘാടകസമിതിയുടെ (Kerala Sports Counsil Of The Deaf, Thiruvananthapuram) 13.09.2022 ലെ കത്തിൽ സൂചിപ്പിച്ച അക്കൗണ്ടിലേക്ക് നൽകുകയുണ്ടായി (Name – Mymunath, A/c No: 110064714217, IFSC – CNRB0000711 ). ഈ തുക, സംഘടനയുടെയോ/ഔദ്യോഗിക ഭാരവാഹികളുടെ സംയുക്ത (കത്തിൽ/ലെറ്റർ പാഡിൽ സൂചിപ്പിച്ചിട്ടുള്ള) അക്കൗണ്ടിലേക്കോ നൽകാതെ, മൈമുനത്ത് എന്നവരുടെ അക്കൗണ്ടിലേക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ ഈ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് വിധേയമായി ₹ 10000 /- ചെലവ് തടസ്സപ്പെടുത്തുന്നു.

Ii) ചെലവ് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

A) SC Colony Drinking Water Scheme എന്ന പേരിൽ KSEB Kumbala ൽ 30,000 രൂപ (Ch.No: 11012/ 10.02.2023) നൽകിയത്.

B). പതിനെട്ടാം വാർഡിലെ Line Shifting മായി ബന്ധപ്പെട്ട് KSEB ക്ക് 8,150 രൂപ (Ch.No: 11013/ 16.02.2023) നൽകിയത്.

ചെലവ് വിവരങ്ങളും, വിനിയോഗവിവരവും ലഭ്യമാക്കുന്നതിന് വിധേയമായി 38,150 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം . 19/ തിയതി 14.12.2023 )

1-41 ഹോമിയോ ഡിസ്പെൻസറിക്ക് മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമായില്ല

നിർവഹണം – സെക്രട്ടറി

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുമ്പള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം.06/2023) ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ റഫറൻസ് നമ്പർ 222002520009012249241 തിയതി 25.02.2023 പ്രകാരം മുൻകൂറായി 3,00,000/-രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.34306403911). എന്നാൽ ടാക്സ് ഇൻവോയ്സ് നം. LF-1137 തിയതി 24.08.2023 പ്രകാരം 1,16,345/- രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 1,83,655/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ 1,83,655/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 19 തിയതി 14.12.2023)

1-42 ആശ്രയ- അഗതി രഹിത കേരളം (228 /23 )-വിനിയോഗവിവരം നൽകേണ്ടതാണ്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

BRN: 2220025200090119678l/10.02.2023 – 1,00,000/-

അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും, ചലഞ്ച് ഫണ്ട് ലഭ്യമായിരുന്നതിനാൽ, ഈ തുക ഭവന പുനരുദ്ധാരണത്തിനായി നീക്കി വയ്ക്കുകയാണ് ഉണ്ടായത്. 07.03.2023 ഈ തുക സി.ഡി.എസ്.യുടെ അക്കൗണ്ടിൽ (No: 40517101053221 @ KGB Kumbla) എത്തിയെങ്കിലും ഇതുവരെയും യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ തന്നെ കിടക്കുകയാണ്.തുക എത്രയും വേഗം യഥാവിധം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-43 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (230 /23 )-താമസസാക്ഷ്യപത്രം പരിശോധനക്ക് നൽകേണ്ടതാണ്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

BRN: 22200252000901378538 / 16.03.2023 – 52,320/- (TSP)

പദ്ധതി പ്രകാരം 15 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - തെരഞ്ഞെടുത്ത 15 കുടുംബങ്ങൾക്ക് തൻ വർഷം വാട്ടർ ടാങ്ക് നൽകിയിട്ടുണ്ട്. 3488 രൂപ നിരക്കുള്ള 500 ലിറ്ററിന്റെ ടാങ്കാണ് വിതരണം ചെയ്തിരിക്കുന്നത്.ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ ജഗദീഷ് കെ (S/o : കൊറഗപ്പ നായിക്, മസ്ജിദ് ക്വാർട്ടേഴ്സ്, കുട്യൻ വളപ്പ്, മൈമൂൺ നഗർ ) എന്ന ഗുണഭോക്താവിന്റെ താമസം വാടക ക്വാർട്ടേഴ്സിൽ ആണെന്ന് കാണുവാൻ കഴിഞ്ഞു. ഇദ്ദേഹത്തിന്റെ താമസസ്ഥലത്തെക്കുറിച്ച് വ്യക്തത വരുത്തുന്നതിനായി പഞ്ചായത്തിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഹാജരാക്കുകയുണ്ടായില്ല. അപേക്ഷ സമർപ്പിക്കുന്ന സമയത്ത്, പഞ്ചായത്തിലെ വസ്തു നികുതി രജിസ്റ്റർ പ്രകാരം ഇദ്ദേഹത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ ഹാജരാക്കുന്നതിന് വിധേയമായി ടാങ്കിന്റെ വിലയായ 3488 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം, തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 20 തിയതി 14.12.2023)

### 1-44 എസ് ടി കോളനി മിനി മാസ്റ്റ് ലൈറ്റ് (441/ 23 )-അപാകതകൾ

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

BRN: 22200252000901521585/28.03.2023 – 2,14,632/-(TSP)

പഞ്ചായത്തിലെ കുണ്ടങ്കാറടുക്ക, പെൽത്തടുക്ക, മാവിനക്കട്ട എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ വിഭാഗം കൂടുതലുള്ള സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിട്ടുള്ളത്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പഞ്ചായത്തിലെ സമാനമായ പദ്ധതികൾ SILK (Steel Industrials Kerala Limited ) കൊണ്ടാണ് നിർവഹിപ്പിച്ചത്. എന്നാൽ ഈ പദ്ധതിക്കായി SILK നെ ക്ഷണിച്ചതായി കാണുന്നില്ല

2. പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാരന്( FAB Associates, LandMark Centre, New Bus Stand, Kasaragod) ഇത്തരം പദ്ധതികൾ (ഇലക്ട്രോ - മെക്കാനിക്കൽ ) ഏറ്റെടുത്തു നടത്തുന്നതിനുള്ള ലൈസൻസ് ഉണ്ടോ എന്ന കാര്യം വ്യക്തമല്ല.

3. പ്രവർത്തിയുടെ അളവ് പുസ്തകം, ബില്ലുകൾ , PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് വിധേയമായി, ചെലവഴിച്ച തുക 2,14,632/- തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 20 തിയതി 14.12.2023)

### 1-45 എസ് സി വിവാഹ ധനസഹായം (452/ 23 )-രേഖകൾ ഹാജരാക്കാത്തത്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

BRN: 222002520009014532O2/23.03.2023 – 49,773/-(SCP)

Bill No(ACR):502/28.03.2023 – 75,227/-(SCP)

ശ്രീമതി പുഷ്പ , നീലപാടി (H), ബംബ്രാണ എന്നവരുടെ മകൾ വീക്ഷിതകുമാരിയുടെ വിവാഹത്തിന് ഒന്നേകാൽ ലക്ഷം രൂപ വിവാഹ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടിയുടെ വിവാഹവുമായി ബന്ധപ്പെട്ട് ശ്രീമതി പുഷ്പയ്ക്ക് മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി വകുപ്പിൽ നിന്നും വിവാഹ ധനസഹായം ലഭിച്ചിട്ടില്ല എന്ന് കാണിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് നൽകിയിട്ടില്ല. ഈ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് വിധേയമായി പദ്ധതിക്കായി വിനിയോഗിച്ച 1,25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 20 തിയതി 14.12.2023)

### 1-46 ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (261/ 23 )-അപാകതകൾ

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി, ഫണ്ട്- തനത് ഫണ്ട്

1.ചെക്ക് നം :10528/20.09.2022 – 38,470/-

2.ചെക്ക് നം :10542/29.10.2022 – 18,550/-
3.ചെക്ക് നം :10697/03.12.2022 – 65,800/-
4.ചെക്ക് നം :11009/06.02.2023 – 26,250/-

നിലവിലെ മാർഗരേഖ (സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 ) പ്രകാരം പുതുതായി രൂപീകരിക്കുന്ന ഹരിത കർമ്മ സേനകൾക്ക് വാതിൽ പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കാവുന്നതാണ് . 2020 നവംബർ 30ന് ഒരു വർഷം തികയാത്ത ഹരിത കർമ്മ സേനാംഗങ്ങൾക്കും ഈ ഫണ്ട് അനുവദിക്കാവുന്നതാണ് . ഇതിനുള്ള മാനദണ്ഡം സ.ഉ. ( സാധാ ) നം : 1250 / 2021/തസ്വഭവ തി: 02 / 07 / 2021 പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ വരവും ചെലവുകളും അക്കൗണ്ടിലെ നീക്കിയിരിപ്പും പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആവ ലഭ്യമാക്കുകയുണ്ടായില്ല. ഗ്യാപ്പ് ഫണ്ടിന് അർഹതയുണ്ടോ എന്ന് പരിശോധിക്കുന്നതിന് വേണ്ട രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തുകയായ 1,49,070 രൂപ തടസ്സപ്പെടുത്തുന്നു.
(28.10.2022 മുതൽ 07.12.2022 വരെ പഞ്ചായത്തിൽ, അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക ഒഴിവായിരുന്നതിനാൽ, ഈ കാലയളവിലെ ബാധ്യത , തുക അനുവദിച്ച ഉത്തരവാദിയായ സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്ന് കണക്കാക്കിയിരിക്കുന്നു.)
(ഓഡിറ്റ് എൻക്വയറി നം. 20 തിയതി 14.12.2023)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവു വന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | എം.പി.ശാരദ, പി.ടി.സി.എം | ജി.ഡബ്ല്യു. എൽ.പി.എസ് കുമ്പള | ഒന്നാം അർദ്ധവർഷം | 83,460 | 300 | 750 | 450 |
| 2 | രമ.പി, പി.ടി.സി.എം | ജി.എഫ്.എൽ. പി.എസ് കുമ്പള | ഒന്നാം അർദ്ധവർഷം | 83,460 | 120 | 750 | 630 |
| 3 | രമ.പി, പി.ടി.സി.എം | ജി.എഫ്.എൽ. പി.എസ് കുമ്പള | രണ്ടാം അർദ്ധവർഷം | 83,460 | 450 | 750 | 300 |
| 4 | സി.കെ.ശബരി, ഓഫീസർ | വിജയ ബാങ്ക് (ബാങ്ക് ഓഫ് ബറോഡ) | ഒന്നാം അർദ്ധവർഷം | 1,68,840 | 624 | 1250 | 626 |
| 5 | പ്രമോദ് അതുൽ | വിജയ ബാങ്ക് (ബാങ്ക് ഓഫ് ബറോഡ) | ഒന്നാം അർദ്ധവർഷം | 1,68,840 | 624 | 1250 | 626 |
| 6. | മാധവ.സി.എച്ച് | ജി.ബി.എൽ. പി.എസ് ആരിക്കാടി | രണ്ടാം അർദ്ധവർഷം | 124290 | 900 | 1000 | 100 |
| ആകെ | | | | | | | 2732 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന 2,732/-രൂപ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിയിൽ കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടുന്ന ഇനം (Dry Rubble Masonry-Random Rubble Masonry With Hard Stone) പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 91,610/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 341/22 & 144/23<br>(കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ) |
| അടങ്കൽ | 4,00,000/- രൂപ (തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് | ₹ 4,00,000/- (EST No: 2021/14950) |
| സാങ്കേതികാനുമതി . | ₹ 4,00,000/-TS No 40921/2021-2022<br>(Order No. LSGD/TS/2021-2022/14950 Dated 07.10.2021, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, |

| | | | |
|---|---|---|---|
| | കാസറഗോഡ്). | | |
| എം. ബുക്ക് നം. | 222/21-22 | | |
| ആകെ അളവ് മൂല്യം | ₹ 3,48,656/- | | |
| കരാറുകരാൻ | ശ്രീ. മുഹമ്മദ് സാബിർ. ജി. എച്ച്. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| എഗ്രിമെന്റ് നമ്പർ | 15/21-22/AE/LSGD/KMBL Dated 15.11.2021 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക് നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| അന്തിമ ബിൽ | നം. 4222565<br>തീ: 04.08.2022 | ₹ 3,90,495/- | ₹ 3,76,547/- |

കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ എന്ന പദ്ധതി 2022-2023 വർഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരുന്നു. ഈ പദ്ധതിക്കായി MoRD സ്പെസിഫിക്കേഷൻ (2016) പ്രകാരം PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് (EST NO: 2021/14950) തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 32.04% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചുവടെ പരാമർശിക്കുന്ന 5 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത് .

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Excavation In Soil Using Hydraulic Excavator And Tippers With Disposal Upto 1000m.<br>Excavation For Road Work In Soil With Hydraulic Excavator Of 0.9 Cum Bucket Capacity Including Cutting And Loading In Tippers.. (Code 3.5.3) | 24.96 Cum | 31.17/cum | 778.00 |
| 2 | Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications. P.C.C Grade M 10, Normal Mix 1:3:6 (Code 11.4.1.1) | 6.24 Cum | 7026.68/cum | 43846.48 |
| 3 | Dry Rubble Masonry-Random Rubble Masonry With Hard Stone Including Through/bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Complete As Per Approved Drawing And Relevant Technical Specification (Code 75.7.1) | 61.20 Cum | 3870.76/cum | 236890.51 |
| 4 | Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications. R.C.C Grade M 20 (Code 11.4.4) | 7.20 Cum | 7900.72/cum | 56885.18 |
| 5 | Supplying, Fitting And Placing TMT Bar Reinforcement In Foundation Complete As Per Drawings And | 0.252 Tonne | 68408.34/tonne | 17238.90 |

| | | | | |
|---|---|---|---|---|
| | Technical Specifications (Code 11.8) | | | |
| | Amount Reserved For GST | | | 42676.69 |
| | Lump Sum | | | 1684.23 |
| | Total (Rounded) | | | 400000.00 |

ടെൻഡർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കരാറുകാരനായ ശ്രീ. മുഹമ്മദ് സാബിർ. ജി. എച്ച് സമർപ്പിച്ച ടെണ്ടർ ഭരണസമിതി തീരുമാനം നം. 4(1)/2021 തീയതി 22.10.2021 പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ചെയ്യാനുള്ള വർക്ക് ഓർഡർ നല്കുകയുമുണ്ടായി.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ്-15) പ്രകാരം 3,48,656/- രൂപയുടെ ആകെ അളവ് മൂല്യം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷൻ കൂട്ടി നികുതികൾ കുറവ് ചെയ്ത് ചുവടെ വിവരിക്കും പ്രകാരം അന്തിമ ബിൽ തയ്യാറാക്കി 3,76,547/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Excavation In Soil Using Hydraulic Excavator And Tippers With Disposal Upto 1000m.<br>Excavation For Road Work In Soil With Hydraulic Excavator Of 0.9 Cum Bucket Capacity Including Cutting And Loading In Tippers.. (Code 3.5.3) | 24.18 Cum | 31.17/cum | 753.69 |
| 2 | Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications. P.C.C Grade M 10, Normal Mix 1:3:6 (Code 11.4.1.1) | 6.045 Cum | 7026.68/cum | 42476.28 |
| 3 | Dry Rubble Masonry-Random Rubble Masonry With Hard Stone Including Through/bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Complete As Per Approved Drawing And Relevant Technical Specification (Code 75.7.1) | 61.20 Cum | 3870.76/cum | 236890.51 |
| 4 | Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications. R.C.C Grade M 20 (Code 11.4.4) | 6.51 Cum | 7900.72/cum | 51433.69 |
| 5 | Supplying, Fitting And Placing TMT Bar Reinforcement In Foundation Complete As Per Drawings And Technical Specifications (Code 11.8) | 0.250 Tonne | 68408.34/tonne | 17102.09 |
| | Total Value Of Work Done | | | 348656/- |
| | (+) 12% GST | | | 41839/- |
| | Total | | | 390495/- |
| | (-) IT @ 1% | | | 3487/- |

| | | | | |
|---|---|---|---|---|
| | (-) KCWWF @ 1% | | | 3487/- |
| | (-) GST @ 2% | | | 6974/- |
| | Net Amount Paid | | | 376547/- |

ഈ പ്രവൃത്തിയിലെ ഐറ്റം 3 ആയി നടപ്പാക്കിയ Dry Rubble Masonry-Random Rubble Masonry With Hard Stone Including Through/bond Stone In Foundation And Superstructure..(Code 75.7.1) എന്നയിനത്തിന്റെ നിരക്ക് കണക്കാക്കിയത് ചുവടെ ചേർക്കും പ്രകാരമുള്ള ഡാറ്റ അടിസ്ഥാനമാക്കിയാണ്. (MoRD സ്പെസിഫിക്കേഷൻ (2016) കോസ്റ്റ് ഇൻഡക്സ് 32.04% )

75.7.1

Dry Rubble Masonry-Random Rubble Masonry With Hard Stone Including Through/bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc Complete As Per Approved Drawing And Relevant Technical Specification .

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| M-148 | Stone For RR Masonry | Cum | 1.0 | 987.08 | 987.08 |
| M-361 | Through Bond Stone (7 Nos 0.24x0.24x0.39=0.16cum) | No | 7.0 | 15.35 | 107.45 |
| L-12 | Mate | Day | 0.12 | 407.00 | 48.84 |
| L-11 | Mason (1st Class) | Day | 1.2 | 487.00 | 584.40 |
| L-29 | Mazdoor (Unskilled) | Day | 1.8 | 368.00 | 662.40 |
| L-21 | Bhisti | Day | 0.08 | 407.00 | 32.56 |
| | TOTAL | | | | 2422.73 |
| | Cost Of 1 Cum | | | | 2422.73 |
| | Add OH @ 10% | | | | 242.27 |
| | Add CP @ 10% | | | | 266.50 |
| | Add 32.04 % Cost Index | | | | 939.25 |
| | Total With Cost Index | | | | 3870.76 |
| | Say For 1 Cum. | | | | 3870.76 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD (Ministry Of Road Development) സ്പെസിഫിക്കേഷൻ (2016) അനുസരിച്ചാണ്. MoRD സ്പെസിഫിക്കേഷൻ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ളതാണ്. തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ MoRD സ്പെസിഫിക്കേഷൻ പ്രകാരമല്ല നടപ്പാക്കേണ്ടത്. റോഡ് പ്രവൃത്തികളുടെ ഭാഗമല്ലാത്ത സൈഡ് പ്രൊട്ടക്ഷൻ, മറ്റ് ഭൂവികസന പ്രവൃത്തികൾക്ക് DSR (Delhi Schedule Of Rates) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്.

കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ എന്ന പദ്ധതി പ്രകാരം തോടിന്റെ ഒരു വശം കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ചെയ്തത്. പ്രവൃത്തിയുടെ അളവു പുസ്തകം പ്രകാരം തോടിന്റെ ഒരു ഭാഗം 31m നീളത്തിൽ കരിങ്കല്ലുകൊണ്ട് സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ നടത്തുന്നതിനുവേണ്ടി മാത്രമുള്ള പ്രവൃത്തികളാണ് നടപ്പാക്കിയത്, ആയതിനാൽ ഈ പ്രവൃത്തിയ്ക്ക് DSR പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് ബാധകം. തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾക്ക് DSR (Delhi Schedule Of Rates) പ്രകാരമാണ്

എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. ആയതിനാൽ കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവത്തിയിലെ ഐറ്റം 3 ആയി നടപ്പാക്കിയ Dry Rubble Masonry എന്ന ഇനം പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് DSR-2016 With Cost Index 32.04% അടിസ്ഥാനമാക്കി 2534.24/$m^3$ ആണ്. Observed Data With Cost Index 32.04% ചുവടെ ചേർക്കുന്നു.

60.7.1

DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Sit

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| 1157 | Stone For Masonry Work | Cum | 1.05 | 865.00 | 908.25 |
| 2215 | Carriage Of Stones | Cum | 1.05 | 122.08 | 128.18 |
| 0125 | Mason (For Plain Stone Work 2nd Class) | Day | 0.8 | 448.00 | 358.40 |
| 0114 | Beldar | Day | 0.7 | 368.00 | 257.60 |
| | TOTAL Cost Of 1 Cum | | | | 1652.43 |
| | Add Water Charge @ 1% | | | | 16.52 |
| | Total | | | | 1668.95 |
| | Add CP &OH @ 15% | | | | 250.34 |
| | Total | | | | 1919.29 |
| | Add 32.04 % Cost Index | | | | 614.94 |
| | Total With Cost Index | | | | 2534.24 |
| | Say For 1 Cum. | | | | 2534.24 |

പ്രൊജക്ട് നം 144/23 (കോരികണ്ടം-കാർലെ തോട് സൈഡ് പ്രൊട്ടക്ഷൻ) എന്ന പ്രവൃത്തിയിലെ ഐറ്റം 3 ആയി നടപ്പാക്കിയ Dry Rubble Masonry എന്ന ഇനം പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 2534.24/$m^3$ ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഐറ്റം 3 ആയി ചെയ്ത 61.20$m^3$ Dry Rubble Masonry എന്ന ഇനം പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ ചെലവ് 1,55,095.48 രൂപയാണ്. എന്നാൽ എസ്റ്റിമേറ്റിൽ കൂടിയ നിരക്കുള്ള ഇനം പ്രവൃത്തി ഉൾപ്പെടുത്തിയതുമൂലം 91,610/- രൂപയുടെ (₹ 2,36,890.51 – ₹ 1,55,095.48 = ₹ 81,795.03 + 12% GST ) അധിക ചെലവുണ്ടായിട്ടുണ്ട്. ആയതിനാൽ 91,610/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് അളവ് മൂല്യം കണക്കാക്കിയ പ്രവൃത്തിയിലെ 1, 2, 4, 5 എന്നീയിനങ്ങൾക്ക് സമാനമായ ഇനങ്ങൾ DSR-2016 With Cost Index 32.04% അടിസ്ഥാനമാക്കി അളവ് മൂല്യം കണക്കാക്കേണ്ടത്. ആയതിനാൽ പ്രവൃത്തിയിലെ 1, 2, 4, 5 എന്നീയിനങ്ങൾക്ക് DSR പ്രകാരം ബാധകമായ നിരക്കിന്റ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തേണ്ടതും അധികം തുക നൽകിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കേണ്ടതുമാണ്. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 3,90,495/- രൂപയിൽ മേൽ വിവരിച്ച പ്രകാരം നിരാകരിച്ച 91,610/- രൂപ കിഴിച്ചുള്ള 2,98,885/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രവൃത്തിയ്ക്കായി അധികം ചെലവഴിച്ച 91,610/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നും തുല്യമായ് ഈടാക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 91,610/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 15 തീ: 03.11.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

3-2 PMC വഴി നിർവഹണം നടത്തിയ പദ്ധതികളിലെ അംഗീകരിക്കാത്ത ചെലവുകൾ

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ PMC ((Project Management Consultancy) വഴി നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ഈ പദ്ധതികളുടെ PMC (Project Management Consultancy) യായി SILK (Steel Industrials Kerala Limited,Thrissur) നെയാണ് നിയമിച്ചിട്ടുള്ളത്. SILK നടപ്പിലാക്കിയ പദ്ധതികളുടെ പേര് ചുവടെ ചേർക്കുന്നു.എല്ലാ പ്രവൃത്തികൾക്കും തനത് ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്.

1. വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ജംഗ്ഷൻ ലൈറ്റ് സ്ഥാപിക്കൽ (113/23)

2. മിനി മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (104/23)

3. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ എൽഇഡി ലൈറ്റ് സ്ഥാപിക്കൽ (103/23)

4. കക്കളം കുന്ന് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (92/23)

5. ഉളുവാർ - സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ (107/23)

6. എൽഇഡി തെരുവ് വിളക്ക് സ്ഥാപിക്കൽ - ഉളുവാർ (105/23)

7. കോയിപ്പാടി കടപ്പുറം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (111/23 )

8. 19-ാം വാർഡ് വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (112 /23)

ഇതിൽ ക്രമ നം. 01 , 02 എന്നിവ SILK നേരിട്ട് നിർവഹണം നടത്തിയ പദ്ധതികളാണ്. ബാക്കിയുള്ളവ കരാറുകാരൻ വഴിയാണ് (M/s. Mohammed Faisal K, FAB Associates, LandMark Centre, New Bus Stand, Kasaragod (Contractor)) നടപ്പിലാക്കിയത്. ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ പരാമർശിക്കുന്നു.

